## സബ്മിഷൻ

മി. സ്പീക്കർ: ഇന്ന് 24 സബ്മിഷനുകളുണ്ട്. അതുകൊണ്ട് വളരെ ചുരുക്കി പറയണം. മറുപടി നീണ്ടതാണെങ്കിൽ മേശപ്പുറത്ത് വയ്ക്കണം.

(1) മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് ഫണ്ട് അനുവദിക്കലും ഭരണാനുമതി നൽകലും

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ നേരത്തെ രണ്ടുപ്രാവശ്യം ഉന്നയിച്ച വിഷയം തന്നെയാണ് വീണ്ടും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ചേലക്കര മണ്ഡലത്തിലെ മുള്ളൂർക്കര, പൈങ്കുളം റെയിൽവേ ലെവൽ ക്രോസുകൾ മേൽപ്പാലങ്ങൾ നിർമ്മിക്കാത്തതിന്റെ ഫലമായി ജനങ്ങൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ഇത് വളരെ വർഷങ്ങളായുള്ള ഒരാവശ്യമാണ്. ഈ ആവശ്യം ഞാൻ നിയമസഭയിൽ ഉന്നയിച്ചതിന്റെ ഫലമായി സംസ്ഥാന ഗവൺമെന്റും റെയിൽവേയുമെല്ലാം ഇടപെട്ട് മുള്ളൂർക്കരയിലെ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അടിസ്ഥാനപരമായി ചെയ്യേണ്ട കാര്യങ്ങൾ നിർവഹിച്ചുകഴിഞ്ഞു. ഇത് വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തുകയും അതോടൊപ്പം 2012-ൽ ആർ.ബി.ഡി.സി. യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏകദേശം 30 കോടി 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തു. ഇതിൽ ഏകദേശം പകുതി തുക റെയിൽവേയും പകുതി തുക സംസ്ഥാന

ഗവൺമെന്റാണ് വഹിക്കേണ്ടത്. സംസ്ഥാന ഗവൺമെന്റ് ഈ തുക കെട്ടിവയ്ക്കാനായി സന്നദ്ധമാകേണ്ടതുണ്ട്. ഈ തുക കെട്ടിവയ്ക്കാൻ സന്നദ്ധമായാൽ എത്രയും വേഗം നിർമ്മാണം തുടങ്ങാമെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. ആ തുക എത്രയും വേഗം കെട്ടിവയ്ക്കാനുള്ള നടപടി സ്വീകരിക്കണമെന്നും അതോടൊപ്പം പൈങ്കുളം റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണത്തിനാവശ്യമായ അടിസ്ഥാനപരമായ കാര്യങ്ങൾ നിർവ്വഹിക്കാനും ഗവൺമെന്റ് തയ്യാറാകണം. എത്രയും പെട്ടെന്ന് രണ്ട് മേൽപ്പാലങ്ങളുടെയും നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഗവൺമെന്റ് ഇടപെടണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാംഹിം കുഞ്ഞ്): സർ, ചേലക്കര മണ്ഡലത്തിലെ മുള്ളൂർക്കരയിൽ റെയിൽവെ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്ന കാര്യം റെയിൽവെയുടെ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. അതിനാൽ നിർമ്മാണ ചെലവിന്റെ പകുതി റെയിൽവെ വഹിക്കുന്നതാണ്. ഇതിന്റെ വിശദമായ പദ്ധതിരേഖയും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്ക് ഭൂമിയേറ്റെടുക്കുന്നതിനുള്ള 5.53 കോടി രൂപ ഉൾപ്പെടെ ആകെ 30.1 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന കാര്യം

പരിഗണിക്കുന്നതാണ്. ഭൂമി ഏറ്റെടുക്കുന്നതിന് നെഗോഷ്യേറ്റഡ് പർച്ചെയ്സ് നടത്താൻ കളക്ടർമാർക്ക് ഉത്തരവ് നൽകിയിട്ടുണ്ട്. ചേലക്കര മണ്ഡലത്തിലെ പൈങ്കുളം റെയിൽവേ ഓവർ ബ്രിഡ്ജിന്റെ പ്രവൃത്തി റെയിൽവെയുടെ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെട്ടിട്ടില്ല. ആർ.ഒ.ബി.കൾ നിർമ്മിക്കുന്നതിനുള്ള റെയിൽവെയുടെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അവിടെ ഒരു മേൽപ്പാലം നിർമ്മിക്കുന്നതിന് അർഹതയുണ്ട്. പ്രസ്തുത ആർ.ഒ.ബി. നിർമ്മാണം റെയിൽവെയുടെ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇതുസംബന്ധിച്ച് റെയിൽവെയിൽ ഗവൺമെന്റ് സമ്മർദ്ദം ചെലുത്തുന്നതാണ്.

(2) <u>ഓഹരികൾ വിറ്റഴിക്കൽ</u>

<u>ശ്രീ. എളമരം കരീം</u>: സർ, വളരെ ഗൗരവമായ പ്രശ്നമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കേരളത്തിലെ ജനങ്ങൾ വലിയ പ്രക്ഷോഭം നടത്തിയാണ് കൊച്ചിൻ ഷിപ്പിയാർഡ് സ്ഥാപിക്കുന്ന അവസ്ഥയിലേയ്ക്ക് എത്തിച്ചത്. ലോകത്താകെ ഷിപ്പിംഗ് ഇൻഡസ്ട്രി വളരെ പ്രതിസന്ധി നേരിടുമ്പോഴും കൊച്ചിൻ ഷിപ്പിയാർഡ് ലാഭത്തിൽ പ്രവർത്തിക്കുകയായിരുന്നു. ഇന്ത്യൻ നേവിക്ക് ആവശ്യമായ വിമാന

വാഹിനികൾ ഉൾപ്പെടെ നിർമ്മിക്കാൻ വൈദഗ്ദ്ധ്യം നേടുകയും ആ നിലയിൽ ആത്മാർത്ഥമായി പ്രവർത്തിക്കുകയും ചെയ്തതിന്റെ ഫലമായിട്ടാണ് കൊച്ചിൻ ഷിപ്പിയാർഡ് പുരോഗതി കൈവരിച്ചത്. വികസന പദ്ധതി തയ്യാറാക്കിയപ്പോൾ 1700 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കിയത് യാഥാർത്ഥ്യ ബോധത്തോടെയാണോയെന്ന് സംശയമുണ്ട്. ഇതിന് പണം കണ്ടെത്തുന്നതിന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ച മാർഗ്ഗം, കൊച്ചിൻ ഷിപ്പിയാർഡിന്റെ 10 ശതമാനം ഓഹരികൾ സ്വകാര്യ വ്യക്തികൾക്ക് വിൽക്കണമെന്നതാണ്. ഈ കമ്പനിക്ക് 1500 കോടി രൂപ ഇപ്പോൾത്തന്നെ റിസർവ് ഫണ്ടുണ്ട്. ആവശ്യമെങ്കിൽ 400-500 കോടി രൂപ മാർക്കറ്റിൽ നിന്നും ലഭിക്കുന്നതിന് ബുദ്ധിമുട്ടില്ല. ഇത്തരം സാഹചര്യത്തിൽ ഓഹരി വിൽപ്പന ഒരുകാരണവശാലും ന്യായീകരിക്കാവുന്നതല്ല. ഇത് കേന്ദ്ര ഗവൺമെന്റിന്റെ ധനക്കമ്മി കുറയ്ക്കാൻ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽക്കുകയെന്ന നയത്തിന്റെ ഭാഗവും കേരള താൽപ്പര്യത്തിന് എതിരുമാണ്. ഇതിനെതിരായി സംസ്ഥാന സർക്കാർ ശക്തമായ നിലപാട് സ്വീകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, കൊച്ചിൻ ഷിപ്പിയാർഡ് ഏറ്റവും

നല്ല പൊതുമേഖലാ സ്ഥാപനമാണെന്ന് എല്ലാവരും അംഗീകരിച്ചിട്ടുള്ളതാണ്. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കണക്കിലും അങ്ങനെ തന്നെയാണ്. കൊച്ചിൻ ഷിപ്പിയാർഡിന്റെ 3,39,84,000 ഇക്വിറ്റി ഓഹരികളാണ് ഇന്നിപ്പോൾ ഡിസ്ഇൻവെസ്റ്റ്മെന്റിന് തീരുമാനിച്ചിട്ടുള്ളത്. ഇതിൽക്കൂടി സമാഹരിക്കുന്ന തുക കൊച്ചിൻ ഷിപ്പിയാർഡിന്റെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളായ അന്താരാഷ്ട്ര ഷിപ് റിപ്പയർ ഫെസിലിറ്റി പദ്ധതിക്കും ഡ്രൈഡോക് പദ്ധതിക്കും ചെലവഴിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇതിന് മറ്റ് രീതിയിൽ പണം സമാഹരിക്കാൻ ബുദ്ധിമുട്ട് ഉള്ളതുകൊണ്ടാണ് ഈ മാർഗ്ഗം സ്വീകരിക്കുന്നതെന്ന സമീപനമാണ് എടുത്തിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുന്നു. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തും. ഡിസ്ഇൻവെസ്റ്റ്മെന്റിലൂടെ പുതിയ ഇൻവെസ്റ്റ്മെന്റിനാണ് ശ്രമിക്കുന്ന തെന്ന് പറഞ്ഞിട്ടുള്ളതിന്റെ സാഹചര്യങ്ങളും ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

(3) <u>മെഡിക്കൽ കോളേജിന്റെ നിർമ്മാണം</u>

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാല് മെഡിക്കൽ കോളേജുകൾ വർഷങ്ങൾക്കുശേഷം

കേരളത്തിൽ സ്ഥാപിക്കുമെന്ന് പറഞ്ഞപ്പോൾ ഏറ്റവും കൂടുതൽ സന്തോഷിച്ചത് കാസർഗോഡ് ജില്ലയിലെ ആളുകളാണ്. എൻഡോസൾഫാൻ ദുരിതം പേറുന്ന മേഖലയെന്ന നിലയിൽ കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ് വന്നാൽ ഏറ്റവുമധികം ഗുണം ലഭിക്കുമെന്ന് കാസർഗോഡ് ജില്ലയിലെ ആളുകൾ വിശ്വസിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി താൽപ്പര്യമെടുത്തതിന്റെ ഫലമായിട്ടാണ് കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ് അനുവദിച്ചതെന്നും അവിടത്തെ ജനങ്ങൾക്ക് നന്നായറിയാം. 2013 നവംബർ മാസം 30-ാം തീയതിയാണ് മെഡിക്കൽ കോളേജിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തറക്കല്ലിട്ടത്. രാവിലെ 9 മണിക്ക് നടന്ന തറക്കല്ലിടൽ ചടങ്ങിന് കാസർഗോഡ് ജില്ലയിലെ എല്ലാ ഭാഗത്തുനിന്നും അഭൂതപൂർവ്വമായ ജനക്കൂട്ടമാണ് വന്നതെന്ന് അദ്ദേഹത്തിനറിയാം. കാസർഗോഡ് ജില്ലയിലെ ആളുകൾ ഈ പദ്ധതി എത്രമാത്രം ആവേശത്തോടെയാണ് നെഞ്ചിലേറ്റിയത് എന്നതിന്റെ ഏറ്റവും വലിയ തെളിവാണിത്. സാധാരണ പണം ഇല്ലാത്തതുകൊണ്ട് നിർമ്മാണ പ്രവൃത്തികൾ മുടങ്ങാറുണ്ട്. ഇവിടെ പണം ഇല്ലാത്തതുകൊണ്ടല്ല, മെഡിക്കൽ കോളേജിന്റെ നിർമ്മാണം തുടങ്ങാത്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി താൽപ്പര്യം പ്രകടിപ്പിച്ച ഒരു കാര്യം പോലും നമുക്ക്

പ്രാവർത്തികമാക്കാൻ സാധിക്കാത്തത് നമ്മുടെ ഉദ്യോഗസ്ഥന്മാരുടെ ദുഷ്പ്പബുദ്ധവും അനാസ്ഥയുമാണെന്ന കാര്യത്തിൽ സംശയമില്ല. മെഡിക്കൽ കോളേജിന് 288 കോടി രൂപയുടെ അടങ്കൽ പദ്ധതിയാണ് പ്രഖ്യാപിച്ചത്. 89 കോടി രൂപ നബാർഡിനോട് ആവശ്യപ്പെട്ടെങ്കിലും അനുവദിച്ച 58.15 കോടി രൂപയും കാസർഗോഡ് പാക്കേജിൽ നിന്ന് അനുവദിച്ച 25 കോടി രൂപയും ബഡ്ജറ്റ് വിഹിതമായി 11 കോടി രൂപയും ഉൾപ്പെടെ 94 കോടി രൂപയുണ്ടെങ്കിലും പണി തുടങ്ങാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് ആലോചിക്കണം. സേവനാവകാശ നിയമം നടപ്പിലാക്കിയ സംസ്ഥാനത്ത് പോലും ഒരു മെഡിക്കൽ കോളേജിന്റെ നിർമ്മാണം, തറക്കല്ലിട്ട് രണ്ട് വർഷം കഴിഞ്ഞിട്ടും ആരംഭിക്കാൻ സാധിക്കുന്നില്ലെന്നുള്ളത് ഏറ്റവും പരിതാപകരമായ അവസ്ഥയാണ്. കരാർ ഹൈദരാബാദിലെ കമ്പനി ഏറ്റെടുക്കുകയും 15 ശതമാനം തുക എക്സസ് പോയതുമാണ് വർക്ക് തുടങ്ങാൻ തടസ്സമായി നിൽക്കുന്നത്. ആദ്യം ഇതുസംബന്ധിച്ച ഫയൽ ആരോഗ്യവകുപ്പിലായിരുന്നു. അവിടെനിന്നും ഫയൽ ധനകാര്യവകുപ്പിലേയ്ക്കും പോയി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാര്യമായി ഇടപെട്ടാൽ മാത്രമേ മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട

മുഖ്യമന്ത്രി സജീവമായി ഈ വിഷയത്തിൽ ഇടപെടണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, എല്ലാ ജില്ലയിലും ഗവൺമെന്റ് മെഡിക്കൽ കോളേജ് ഉണ്ടാകണമെന്ന ആഗ്രഹത്തിന്റെ പേരിൽ എല്ലാ ജില്ലയിലും പ്രഖ്യാപിച്ച കൂട്ടത്തിലാണ് കാസർഗോഡ് ജില്ലയിലും മെഡിക്കൽ കോളേജ് അനുവദിച്ചത്. മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി ഇതിനകം 17 കോടി 7 ലക്ഷം രൂപയും 60 ഏക്കർ സ്ഥലവും സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ സ്ഥലത്തേയ്ക്കുള്ള റോഡ് നിർമ്മാണം കിറ്റ്കോയുടെ ചുമതലയിലാണ് നടക്കുന്നത്. കിറ്റ്കോയ്ക്ക് 19,95,000 രൂപ നൽകി. പുതിയ ആശുപത്രി കെട്ടിടം പണിയുന്നതിന് കിറ്റ്കോ തയ്യാറാക്കിയ 288 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചു. അതിനുവേണ്ടി നബാർഡ് 68 കോടി 45 ലക്ഷം രൂപ അനുവദിച്ചു. ഇതിന്റെ ഒന്നാംഗഡു കിറ്റ്കോയ്ക്ക് കൈമാറിയിട്ടുണ്ട്. അക്കാഡമിക് ബ്ലോക്ക് നിർമ്മിക്കാൻ കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 25 കോടി രൂപയും അനുവദിച്ചു. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി നിർദ്ദേശിച്ച വേഗതയിൽ പോയിട്ടില്ല.

മറ്റെല്ലാ നടപടികളും പൂർത്തിയായി. ഏറ്റവും വേഗത്തിൽ ഇതിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാൻ പരിശ്രമിക്കുമെന്ന് ഉറപ്പുപറയുന്നു.

മി.സ്പീക്കർ: ചെയർ ഒരു കാര്യം അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇന്ന് 24 സബ്മിഷനുകൾ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ കുറച്ച് ദിവസങ്ങളായി പലർക്കും സബ്മിഷൻ അവതരിപ്പിക്കാൻ അവസരം കിട്ടാത്തതുകൊണ്ടും അടുത്ത രണ്ട് ദിവസം സഭ ചേരാത്തതുകൊണ്ടുമാണ് ഇന്ന് ഇത്രയും സബ്മിഷൻ അനുവദിച്ചിട്ടുള്ളത്. ഒരു ദിവസത്തെ നിയമസഭാ സമ്മേളനത്തിന് ആവശ്യമായ സപ്ലിമെന്ററി ഡിമാന്റ്സും രണ്ട് ബില്ലുകളുമുണ്ട്. അടുത്ത രണ്ട് ദിവസം സഭ ചേരാത്തതുകൊണ്ട് പല അംഗങ്ങൾക്കും ഇന്നുതന്നെ മടങ്ങിപ്പോകേണ്ടതുണ്ട്. സബ്മിഷൻ ഉന്നയിക്കുന്ന അംഗങ്ങൾ ഒരു മിനിട്ട് കൊണ്ട് ചോദിക്കുകയും ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി ചുരുക്കിപ്പറയുകയും വേണം.

(4) കാരുണ്യ ചികിത്സാ സഹായ പദ്ധതി

ശ്രീ. ഹൈബി ഈഡൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിർധനരായ രോഗികൾക്ക് ഏറ്റവും കാര്യക്ഷമമായി നടപ്പിലാക്കിയ പദ്ധതിയാണ് കാരുണ്യ ബെനവലന്റ് സ്കീം. ചില

മാധ്യമങ്ങളിൽ വരുന്ന വാർത്ത സാധാരണ ജനങ്ങളെ സംബന്ധിച്ച് ഏറെ ആശങ്കകൾ സൃഷ്ടിക്കുന്നതാണ്. ഏകദേശം 115000 രോഗികൾക്ക് 850 കോടി രൂപയോളം കാരുണ്യ ബെനവലന്റ് സ്കീം വഴി നൽകിയിട്ടുണ്ട്. ഇപ്പോൾ പ്രചരിപ്പിക്കുന്നത്, ഹൈദരാബാദ് കേന്ദ്രീകരിച്ചുള്ള ടാറ്റാ കൺസൾട്ടൻസി സർവ്വീസ് പോലുള്ള ഒരു കോർപ്പറേറ്റ് കമ്പനി, ആന്ധ്ര പ്രദേശ് സംസ്ഥാനത്ത് നടപ്പാക്കുന്ന ആരോഗ്യശ്രീ പദ്ധതിയുടെ മാതൃകയിൽ ഇത് രൂപീകരിക്കുന്നുവെന്നുള്ളതാണ്. നമ്മുടെ സംസ്ഥാനത്ത് കാരുണ്യ ബെനവലന്റ് സ്കീമിലെയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെയും പട്ടികജാതി വകുപ്പിലെയും ആനുകൂല്യങ്ങൾ രോഗികൾക്ക് ലഭിക്കുന്നുണ്ട്. റ്റി.സി.എസ്. പോലുള്ള കമ്പനിയെ സോഫ്റ്റ്വെയർ നിർമ്മിക്കാനാണ് ഏൽപ്പിച്ചതെന്നും പറയുന്നുണ്ട്. ഗുണഭോക്താക്കളെ തീരുമാനിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് ആ കമ്പനി ആയിരിക്കുമോ? സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് ആനുകൂല്യം നിഷേധിക്കുമോയെന്നതുൾപ്പെടെ പലവിധത്തിലുള്ള ആശങ്കകളുമുണ്ട്. അതുകൊണ്ട് ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തത വരുത്തണം; കാരണം കാരുണ്യ

ബെനവലന്റ് സ്കീം വളരെ വിജയകരമായി പൂർത്തീകരിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. ആ പദ്ധതി സാധാരണക്കാർക്ക് വേണ്ടി തുടരണമെന്നാണ് എന്റെ അഭ്യർത്ഥന.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ കാരുണ്യ ബെനവലന്റ് ഫണ്ടും അതിന്റെ പദ്ധതികളും ജനങ്ങൾക്ക് ഏറ്റവും ആശ്വാസകരമാണ്. ആവശ്യം വരുന്ന സമയത്ത് സഹായത്തിന് ഒരു സംവിധാനമുണ്ട് എന്ന് കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ബോദ്ധ്യപ്പെടത്തക്കവിധത്തിലൊരു ആത്മവിശ്വാസം ഉണ്ടാകത്തക്കവിധത്തിൽ അതിന്റെ പ്രവർത്തനം വളരെ മെച്ചപ്പെട്ട രീതിയിൽ നടക്കുന്നു. ഈ പദ്ധതിക്ക് രൂപം കൊടുത്ത് നേതൃത്വം നൽകിയ ശ്രീ. കെ. എം. മാണി പ്രത്യേകം അഭിനന്ദനമർഹിക്കുന്ന ഒരു സ്കീമാണിത്. അതിനൊരു മാറ്റവും വരുത്താനുദ്ദേശിക്കുന്നില്ല. ജനങ്ങൾക്ക് ഏറ്റവും പ്രയോജനകരമായ ഈ പരിപാടി തുടർന്നുതന്നെ മുമ്പോട്ടുപോകും. എന്നാൽ കഴിഞ്ഞ ബഡ്ജറ്റിൽ 'സമ്പൂർണ്ണ ആരോഗ്യ കേരളം പദ്ധതി' നടപ്പിലാക്കുമെന്ന് പറഞ്ഞിരുന്നു. അത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പക്ഷെ, ആ പദ്ധതി വന്നാലും ഒരുവിധത്തിലും കാരുണ്യ ചികിത്സാ സഹായ പദ്ധതിയിൽ ഒരു മാറ്റവും

ഉണ്ടാകുന്നതല്ല എന്നുറപ്പുപറയാനാഗ്രഹിക്കുകയാണ്. ടി.സി.എസ്. കമ്പനിയെ സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിന് മാത്രമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. അതിനപ്പുറത്തേയ്ക്ക് അവർക്ക് ഒരു റോളും ഉണ്ടാകില്ല.

(5) ധനസഹായം

ശ്രീ. പി. തിലോത്തമൻ: സർ, ചേർത്തല മണ്ഡലത്തിലെ ഒറ്റമശ്ശേരി എന്ന സ്ഥലത്ത് കഴിഞ്ഞ നവംബർ 13-ാം തീയതി രണ്ട് യുവാക്കൾ അരുംകൊല ചെയ്യപ്പെട്ട ഒരു സംഭവമുണ്ടായി. ജോലി കഴിഞ്ഞ് വീട്ടിലേയ്ക്ക് ബൈക്കിൽ മടങ്ങിവരുന്ന സന്ദർഭത്തിൽ ഒരു ഗുണ്ടാ സംഘം ടിപ്പർ ലോറി മനഃപൂർവ്വം അവരുടെ വാഹനത്തിലിടിപ്പിക്കുകയും തെറിച്ചുവീണ അവരുടെ ദേഹത്തുകൂടെ വാഹനം ഓടിച്ചാണ് അവരെ കൊല ചെയ്തത്. ആ സംഭവത്തിനുപിന്നാലെ നാട്ടുകാരും പോലീസും ഓടിച്ചിട്ട് ഡ്രൈവറെ പിടിച്ചതോടുകൂടിയാണ് ആ സംഭവത്തിന്റെ ചുരുളുകൾ നിവരുന്നതും ആ അരുംകൊല നാട്ടുകാരറിയുന്നതും. ഏതാനും ദിവസങ്ങൾക്കുമുമ്പ് കൊല ചെയ്യപ്പെട്ട ജോൺസൺ എന്നുപറയുന്ന ആളുടെ വീട്ടിൽ നടന്ന പ്രാർത്ഥനാ ചടങ്ങിൽ പങ്കെടുക്കാൻ വന്ന വൈദികനെ കയ്യേറ്റം ചെയ്യാൻ ആ സ്ഥലത്തെ ക്രിമിനലുകൾ ശ്രമിച്ചതിനെ തടഞ്ഞതാണ് അവരുടെ വിരോധത്തിനുള്ള കാരണം. ഈ സംഭവമെല്ലാം ചൂണ്ടിക്കാട്ടിക്കൊണ്ട് നാട്ടുകാർ എനിക്കൊരു

നിവേദനം തരികയും ഞാനത് ഡിവൈ.എസ്.പി.ക്ക് നൽകുകയും ചെയ്തു. എന്നാൽ പോലീസ് വേണ്ടത്ര ജാഗ്രത കാണിക്കാതിരുന്നതാണ് ഈ കൊലപാതകത്തിലേയ്ക്ക് എത്തിച്ചത്. സംഭവം കഴിഞ്ഞ് ആഭ്യന്തര വകുപ്പുമന്ത്രി സംഭവ സ്ഥലത്തുവരികയും ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഡിവൈ.എസ്.പി.യുടെ പേരിൽ നടപടിയുണ്ടായി. ഇപ്പോൾ എല്ലാ പ്രതികളെയും പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട് എന്നാണറിയുന്നത്. എന്നാൽ ഈ കൊലചെയ്യപ്പെട്ട രണ്ട് ചെറുപ്പക്കാരും പാവപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബത്തിൽ ജനിച്ചുവളർന്നവരാണ്. മത്സ്യമേഖലയിൽ ജോലിയുടെ പ്രയാസംകൊണ്ട് മറ്റ് ജോലിക്ക് പോയിട്ട് തിരിച്ചുവരുമ്പോഴാണ് ഈ കൊലപാതകം നടന്നത്. ആ കുടുംബം രണ്ടും അനാഥമായി. അവരെ ആശ്രയിച്ച് ജീവിച്ചിരുന്നവരും കുഴപ്പത്തിലായി. ആ കുടുംബത്തെ സാമ്പത്തികമായി സഹായിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, വളരെ നിർഭാഗ്യകരമായ സംഭവമായിപ്പോയി. ഒരപകടമായി മാറുമായിരുന്ന ഈ സംഭവം പോലീസ് കാര്യക്ഷമമായി അന്വേഷിച്ച് അതിന്റെ കുറ്റവാളികളെ കണ്ടുപിടിച്ചു. ആ കാര്യങ്ങളിൽ ഇപ്പോൾ ആർക്കും ഒരു പരാതിയുമില്ല. ആ കുടുംബത്തെ

സഹായിക്കണമെന്നുള്ള ആവശ്യമാണ് ബഹുമാനപ്പെട്ട ശ്രീ. പി. തിലോത്തമൻ ഇവിടെ പറഞ്ഞത്. നിശ്ചയമായും ആ കുടുംബത്തെ സഹായിക്കും. ആഭ്യന്തര വകുപ്പുമന്ത്രിയും അവിടെ പോയതിനുശേഷം ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. എത്രയും വേഗത്തിൽ അത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ആ കേസിലെ ഒരു പ്രതി 'കാപ്പ'യിൽ ഉൾപ്പെട്ടിരുന്ന ആളാണ്. വീണ്ടും 'കാപ്പ' ഇൻവോക്ക് ചെയ്യാൻ കഴിയുമോയെന്ന് പരിശോധിച്ചുവരികയാണ്.

(6) പൂജാദികർമ്മങ്ങൾ ചെയ്യാനുള്ള അവകാശം

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ക്രിസ്ത്യൻ, ഇസ്ലാം എന്നിങ്ങനെ മറ്റ് മതങ്ങളിലൊന്നുമില്ലാത്തവിധത്തിൽ സഹസ്രാബ്ദങ്ങളായി ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്ന ഒരു മതമാണ് ഹിന്ദുമതം. സവർണ്ണർ-അവർണ്ണർ എന്ന വ്യത്യാസവും മേൽജാതി-കീഴ്ജാതി എന്ന വ്യത്യാസവും ബ്രാഹ്മണൻ-അബ്രാഹ്മണൻ എന്ന വേർതിരിവൊക്കെത്തന്നെ ഒരുപാട് കാലമുണ്ടായിരുന്ന ഒരു മതമാണ് ഹിന്ദുമതം. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയുമെല്ലാം ആയിരക്കണക്കിന് വർഷങ്ങൾ നിലനിന്നിരുന്ന സ്ഥലമാണ് കേരളം. ഇന്നും വടക്കേ ഇൻഡ്യയിലെ പല

ക്ഷേത്രങ്ങളിലും അബ്രാഹ്മണരായ പട്ടികജാതിക്കാരായ ആളുകൾക്ക് ക്ഷേത്രങ്ങളിൽ പ്രവേശിക്കാൻപോലുമുള്ള അവകാശം നിഷേധിക്കപ്പെടുന്ന ഒരു മതമാണ്. പക്ഷെ, കേരളത്തിൽ വർഷങ്ങൾക്ക് മുമ്പ് ക്ഷേത്രപ്രവേശനത്തിനുവേണ്ടി നടന്ന ഐതിഹാസികമായ സമരത്തിലൂടെ ഇവിടത്തെ ബ്രാഹ്മണർ അല്ലാത്ത ഹിന്ദുമത വിശ്വാസികൾക്കും പിന്നോക്കക്കാർക്കും ക്ഷേത്രത്തിനകത്ത് ഒരു വിളംബരത്തിലൂടെ പ്രവേശനം നടത്താനുള്ള അവകാശം നൽകപ്പെട്ടതാണ്. അതിനുശേഷം നമ്മുടെ ഇൻഡ്യ സ്വതന്ത്രമാക്കപ്പെട്ടു, സ്വന്തമായിട്ടുള്ള ഭരണഘടന നിലവിൽവന്നു. ഉച്ചനീചത്വങ്ങളും മേൽജാതി-കീഴ്ജാതി വ്യവസ്ഥകളെല്ലാം ഭരണഘടനാപരമായിത്തന്നെ ഇല്ലായ്മ ചെയ്യപ്പെട്ടതിനുശേഷവും ഇന്ന് നമ്മുടെ ക്ഷേത്രങ്ങളിൽ ക്ഷേത്രപ്രവേശനം അബ്രാഹ്മണർക്ക് ലഭിച്ചിട്ടില്ലെങ്കിൽ...

<u>മി. സ്പീക്കർ:</u> ശ്രീ. വി. എസ്. സുനിൽ കുമാർ, ചുരുക്കി പറയണം.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ്. ശബരിമല മേൽശാന്തിയാണെങ്കിലും, ഗുരുവായൂർ മേൽശാന്തിയാണെങ്കിലും തിരുവിതാംകൂർ ദേവസ്വത്തിലെയും കൊച്ചിൻ ദേവസ്വത്തിലെയും ഗുരുവായൂർ ദേവസ്വത്തിലെയും ഒക്കെത്തന്നെ വളരെ പ്രധാനപ്പെട്ട ക്ഷേത്രങ്ങളിൽ മേൽശാന്തി/കീഴ്ശാന്തിമാരാക്കി ബ്രാഹ്മണരെ മാത്രമേ വയ്ക്കാൻ പാടുള്ളൂവെന്ന

അലിഖിതമായ ബ്രാഹ്മണ സംവരണം നിലനിൽക്കുകയാണ്. ഇത് ഭരണഘടനാ വിരുദ്ധമാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയനുസരിച്ച് ഇത്തരം തസ്തികകളിൽ ഒരിക്കലും ജാതി വിവേചനം പാടില്ലായെന്ന്....

മി. സ്പീക്കർ:.....യെസ്.. യെസ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ക്ഷമിക്കണം. ഒരു മിനിട്ട് മതി.

മി. സ്പീക്കർ: നിങ്ങൾ തന്നെ ഇന്ന് സഭ തീരുന്ന ദിവസമായതുകൊണ്ട് അധികം താമസിക്കരുതെന്ന് പറയുന്നു, സബ്മിഷൻപോലും നാലും അഞ്ചും മിനിട്ടെടുത്താൽ എന്താണ് ചെയ്യുന്നത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമായതുകൊണ്ടാണ്. സുപ്രീം കോടതി വിധി 2006-ൽ വന്നതിനുശേഷം തമിഴ്നാട് ഗവൺമെന്റ് പ്രത്യേകമായി അതിനാവശ്യമായ തീരുമാനമെടുക്കുകയുണ്ടായി. 2011-ൽ സംസ്ഥാന ഗവൺമെന്റ് ഒരു ഉത്തരവിറക്കിയെങ്കിലും തിരുവിതാംകൂർ ദേവസ്വം ബോർഡ് 2014-15-ൽ ക്ഷേത്രത്തിലെ പൂജാരിമാരെ നിശ്ചയിക്കുന്നതിനുവേണ്ടി ഇറക്കിയ നോട്ടിഫിക്കേഷനിൽ അബ്രാഹ്മണരാരും അപേക്ഷ കൊടുക്കേണ്ടതില്ലായെന്ന് പറയുന്ന സ്ഥിതിവിശേഷമുണ്ടായി. ഇതൊരു നഗ്നമായ ഭരണഘടനാ ലംഘനമാണ്.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ, സബ്മിഷൻ ഇങ്ങനെ നീണ്ടുപോകരുത്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, ഇവിടെ ഹിന്ദുമത വിശ്വാസികളായ താന്ത്രിക വിദ്യ പഠിച്ച എല്ലാവരെയും ഗുരുവായൂർ അമ്പലത്തിലാണെങ്കിലും ശബരിമലയിലാണെങ്കിലും കൂടൽമാണിക്യ ക്ഷേത്രത്തിലാണെങ്കിലും കൂടാതെ ഇവിടെയുള്ള ക്ഷേത്രങ്ങളിലും പൂജാദി കർമ്മങ്ങൾ നടത്താൻ അനുവദിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്താൻ ഗവൺമെന്റ് സന്നദ്ധമാകണം. ക്ഷേത്ര പ്രവേശനമെന്ന് പറയുന്നത് ക്ഷേത്രത്തിനകത്തേയ്ക്കുള്ള പ്രവേശനം മാത്രമല്ല. ക്ഷേത്ര പ്രവേശനം നിഷേധിക്കപ്പെട്ടിരുന്ന സമയത്ത് അന്ന് ഒരു ആചാരമായിരുന്നു. ഗുരുവായൂർ അമ്പലത്തിലേയ്ക്ക് പട്ടികജാതിക്കാരനെയും പറയനെയും പുലയനെയും ഈഴവനെയും പ്രവേശിപ്പിച്ചതിനുശേഷവും ഗുരുവായൂരിലെ...

<u>മി. സ്പീക്കർ:</u> ഇവിടെ ചെയർ പറയുന്നതൊന്നും അങ്ങേയ്ക്ക് ബാധകമല്ലേ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, ഗുരുവായൂരിലെ ശ്രീകൃഷ്ണൻ അവിടെനിന്നും ഓടിപോയിട്ടില്ല.

<u>മി. സ്പീക്കർ:</u> മൂന്ന് മിനിട്ട് കഴിഞ്ഞു.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, അതുകൊണ്ട് ഇവിടെ

ക്ഷേത്രത്തിനകത്ത് അബ്രാഹ്മണരായ ആളുകൾക്ക് ....(മൈക്ക് ഓഫ്) പൂജാദികർമ്മങ്ങൾ നടത്താൻ താന്ത്രിക വിദ്യ പഠിച്ചവർക്ക് അവകാശമുണ്ടാകണം.

<u>മി. സ്പീക്കർ:</u> അങ്ങ് എത്ര മിനിട്ടായി എന്ന് നോക്കൂ.. ഇത് ബാക്കിയുള്ളവർക്ക് ബാധകമല്ലേ; ഇന്ന് 25 സബ്മിഷനുകളുണ്ട്. അങ്ങ് സബ്മിഷന് ഇങ്ങനെ സമയമെടുത്താൽ..

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, ഞാൻ പറയട്ടെ. ഈ സഭയിൽ ചർച്ച ചെയ്താൽ എന്താണ് കുഴപ്പം? ഇവിടെ നമ്മൾ വലിയ വായിൽ പറയുന്ന പല കാര്യങ്ങളും, വടക്കേ ഇൻഡ്യയിൽ പട്ടികജാതിക്കാർക്ക് അമ്പലത്തിലേയ്ക്ക് പ്രവേശനമില്ല. ഗുരുവായൂർ അമ്പലത്തിലേയ്ക്ക് താന്ത്രിക വിദ്യ പഠിച്ച ഒരു പട്ടികജാതിക്കാരന് പ്രവേശിക്കാൻ അവകാശമുണ്ടോ; അവിടെ പോയി മേളം നടത്താൻ കഴിയുമോ? അബ്രാഹ്മണരായ ആളുകൾക്ക് ക്ഷേത്രത്തിൽ കടക്കാൻ പാടില്ലായെന്ന് ഏത് നിയമമാണ് പറയുന്നത്; ഏത് ഹിന്ദുമതമാണ് പറയുന്നത്? പണ്ട് രാജാവിന്റെ ഒരുത്തരവോടുകൂടിയാണ് ക്ഷേത്രപ്രവേശനം നടത്തിയത്. ഹിന്ദുമതത്തിന് ഒരു ആചാര്യനോ ഒരു ഗ്രന്ഥമോയില്ല. ഹിന്ദുമതം എന്നുപറയുന്നത് ഏതെങ്കിലുമൊരു പ്രവാചകനുണ്ടാക്കിയതല്ല. അപ്പോൾ ഏതെങ്കിലും ബ്രാഹ്മണ മേധാവിത്വത്തിന്റെ അലിഖിതമായ നിയമത്തിന്റെ പേരിൽ ഇവിടത്തെ

ക്ഷേത്രങ്ങളിൽ അബ്രാഹ്മണർക്ക് പൂജാദികർമ്മങ്ങൾക്കും അതുപോലെയുള്ള പല കർമ്മങ്ങൾക്കും പ്രവേശനം നിഷേധിക്കുന്നു. സുപ്രീം കോടതി വിധിയനുസരിച്ചും ഭരണഘടന അനുസരിച്ചും അവകാശപ്പെട്ട ഈ നിയമം ഉറപ്പുവരുത്തുന്നതിനുവേണ്ടി ഗവൺമെന്റ് നിയമനിർമ്മാണം നടത്തുകയും കർക്കശമായ നിലപാട് സ്വീകരിക്കുകയും വേണമെന്ന് ഞാനാവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ, ചെയർ ഇനി സബ്മിഷന് ഒരു നിയന്ത്രണവും വയ്ക്കുകയില്ല. എല്ലാവർക്കും ഇഷ്ടംപോലെ സംസാരിക്കാം, നിയമസഭ ഇന്ന് എത്ര മണിക്ക് തീരുന്നോ അത്രയും താമസിച്ച് തീർന്നാൽ മതി.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,ക്ഷേത്രങ്ങളിലെ തന്ത്രിമാർ പാരമ്പര്യ അവകാശമുള്ളവരുണ്ട്. ആ പാരമ്പര്യ അവകാശം ഇന്ന് എടുത്തുകളയാൻ സാധിക്കുകയില്ല. എന്നാൽ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെ നിയമനങ്ങൾക്കുവേണ്ടി ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വന്നുകഴിഞ്ഞു. മിനിസ്റ്റീരിയൽ സ്റ്റാഫിലും പാരമ്പര്യ ജീവനക്കാർ ഒഴികെയുള്ള ക്ഷേത്ര ജീവനക്കാരിലും നിലവിലുള്ള എല്ലാ ഒഴിവുകളിലേയ്ക്കും ഇനി നിയമനം നടത്തുന്നത് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡായിരിക്കും. എല്ലാ തസ്തികകളിലും 32% സംവരണം

ബാധകമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് പാരമ്പര്യ ജീവനക്കാർ ഒഴികെയുള്ള ശാന്തിക്കാരുടെ ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുമ്പോൾ 32% സംവരണം ബാധകമായ ഹിന്ദു സമുദായത്തിലുള്ളവരായിരിക്കും. പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിസർവേഷന് ബാധകമായിട്ടുള്ള അതേ ശതമാനം തന്നെയാണ്. മേൽപ്പറഞ്ഞ പ്രകാരം ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേന നിയമനങ്ങൾ നടത്തുമ്പോൾ എല്ലാ വിഭാഗക്കാരെയും നിയമിക്കാൻ വ്യവസ്ഥയുള്ളതിനാൽ ഇതിനായി പ്രത്യേക നിയമനിർമ്മാണം ആവശ്യമുള്ളതായി കാണുന്നില്ല. (ബഹളം).. പാരമ്പര്യ അവകാശം ഇല്ലാത്ത എല്ലാ സ്ഥലത്തും ഇത് ബാധകമാണ്.

(7) നഴ്സുമാർ നേരിടുന്ന ബുദ്ധിമുട്ട്

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, നഴ്സുമാരുടെ എമിഗ്രേഷൻ ക്ലിയറൻസുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. ഇത് വളരെ പ്രധാനപ്പെട്ടൊരു പ്രശ്നമാണ്. ഓരോ വർഷവും കേരളത്തിൽനിന്ന് ഇരുപത്തി അയ്യായിരം നഴ്സുമാരെങ്കിലും വിദേശത്ത് പോയി തൊഴിൽ ചെയ്ത് കുടുംബം പുലർത്തുകയും നാട്ടിലേയ്ക്ക് പണമയയ്ക്കുകയുമൊക്കെ ചെയ്തുവരികയായിരുന്നു. കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയ എമിഗ്രേഷൻ വിലക്ക് ഇപ്പോൾ ആ മേഖലയിൽ പണിയെടുക്കാൻ വിദേശത്ത് പോകാൻ കഴിയാത്തൊരവസ്ഥ

ഉണ്ടാക്കിയിരിക്കുകയാണ്. ഇന്ന് മംഗളം പത്രം ഇതിനെക്കുറിച്ച് മുഖപ്രസംഗം എഴുതിയിട്ടുണ്ട്. മറ്റ് പല പത്രങ്ങളും ഈ കാര്യം റിപ്പോർട്ട് ചെയ്തിരുന്നു. 25000 രൂപ ഇന്ത്യൻ എംബസിയിൽ കെട്ടിവച്ചാൽ മാത്രമേ എമിഗ്രേഷൻ ക്ലിയറൻസ് കൊടുക്കുകയുള്ളൂ. ഫിലിപ്പൈൻസിൽനിന്നും ബംഗ്ലാദേശിൽനിന്നുമൊക്കെ നഴ്സുമാരെ കിട്ടുന്ന സാഹചര്യത്തിൽ ഇന്ത്യയിൽനിന്ന് നഴ്സുമാരെ കൊണ്ടുപോകണമെന്ന് അവർക്ക് യാതൊരു നിർബന്ധവുമില്ല. അനാവശ്യമായിട്ടൊരു വ്യവസ്ഥയുണ്ടാക്കി നഴ്സുമാരുടെ തൊഴിൽ സാധ്യത ഇല്ലാതാക്കുന്നതിനെതിരായി വലിയ പ്രതിഷേധം ഉയർന്നുവന്നിട്ടുണ്ട്. കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ 9 നഴ്സുമാർക്ക് മാത്രമാണ് ക്ലിയറൻസ് ലഭിച്ചത്. അതുകൊണ്ട് ഇതൊരു പ്രധാനപ്പെട്ട പ്രശ്നമായി കണക്കാക്കണം. കോട്ടയം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തിരുവനന്തപുരം തുടങ്ങിയ തെക്കൻ ജില്ലകളിൽ എമിഗ്രേഷൻ ക്ലിയറൻസ് കിട്ടാത്ത ആയിരക്കണക്കിന് നഴ്സുമാർ ക്ലിയറൻസിനായി കാത്തിരിക്കുകയാണ്. പത്താംക്ലാസ് പാസ്സായവർക്ക് എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമില്ല. പക്ഷെ, പ്ലസ് ടു -ഉം ഡിഗ്രിയും ഒക്കെയുള്ള നഴ്സിംഗ് പാസ്സായിട്ടുള്ളവർക്ക് എമിഗ്രേഷൻ ക്ലിയറൻസ് കൊടുക്കാതിരിക്കുന്നത് നീതിനിഷേധമാണ്. സംസ്ഥാന ഗവൺമെന്റ് അതിശക്തമായി ഇക്കാര്യത്തിൽ ഇടപെടണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം വളരെ ശരിയാണ്. സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികൾ മുഖേന വിദേശ രാജ്യങ്ങളിലേയ്ക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിൽ വ്യാപകമായ ചൂഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയ ഒരു നിയന്ത്രണമാണ് ഇത്. ഇവിടെനിന്ന് പോകുന്ന നഴ്സുമാർക്ക് അത് വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയിട്ടുണ്ട്. 18 ECR രാജ്യങ്ങളിലേയ്ക്കുള്ള നഴ്സുമാരുടെ നിയമനത്തിന് 30.04.2015 മുതൽ എമിഗ്രേഷൻ ക്ലിയറൻസ് നിർബന്ധമാക്കി. ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ട് മനസ്സിലാക്കി ഇത് മാറ്റുന്നതിനുവേണ്ടി ഗവൺമെന്റ് പരമാവധി ശ്രമിച്ചു. ചെറിയ ഇളവ് മാത്രമേ ലഭിച്ചുള്ളൂ. 2015 മെയ് മാസം ഒന്നാം തീയതി മുതൽ ഏർപ്പെടുത്തിയ നിയന്ത്രണം മെയ് മാസം 30-ാം തീയതിവരെ നീട്ടി ഒരു മാസത്തേയ്ക്ക് ഇളവ് തന്നു. അതിനുശേഷം ഈ നിയമം കർക്കശമാക്കിയിരിക്കുകയാണ്. അതുകൊണ്ട് ഇവിടെനിന്നും ജോലിക്കു പോകുന്നവർക്ക് വളരെയേറെ ബുദ്ധിമുട്ടുകളുണ്ട്. സംസ്ഥാന ഗവൺമെന്റ് പലവട്ടം കേന്ദ്ര ഗവൺമെന്റിൽ നിവേദനങ്ങൾ കൊടുക്കുകയും ഞാൻതന്നെ നേരിട്ട് അവിടെ റെപ്രസെന്റ് ചെയ്യുകയുമൊക്കെ ചെയ്തിട്ടുണ്ട്. പക്ഷെ അവർ നമ്മളോട് ഒരു ബദൽ സംവിധാനമുണ്ടാക്കാൻ പറഞ്ഞിരിക്കുകയാണ്. അങ്ങനെയൊരു ബദൽ

സംവിധാനമുണ്ടാകണമെങ്കിൽ ആ രാജ്യങ്ങൾകൂടി സഹകരിക്കണം. കുവൈറ്റ് മാത്രമേ ഇപ്പോൾ നമ്മളുമായിട്ടുള്ള സഹകരണത്തിന് മുമ്പോട്ടുവന്നിട്ടുള്ളൂ. ബാക്കിയുള്ളിടത്തൊക്കെ ചർച്ച നടക്കുന്നതേയുള്ളൂ. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ച വികാരം കൂടി ഉൾക്കൊണ്ടുകൊണ്ട് വീണ്ടും ഇതിന്റെ ഇളവിനുവേണ്ടി ശ്രമിക്കുന്നതായിരിക്കും.

(8) നഷ്ടപരിഹാരം

ശ്രീ. എസ്. ശർമ്മ: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിന്റെ ഫലം വന്നതിന്റെ പുലർച്ചെതന്നെ ചെറായിയിൽ കഴിഞ്ഞ 35 വർഷക്കാലമായി പ്രവർത്തിച്ചുവരുന്ന മഹാനായ എ.കെ.ജി. യുടെ നാമധേയത്തിലുള്ള വായനശാല ഒരുപറ്റം സാമൂഹ്യവിരുദ്ധർ തീയിട്ട് ചുട്ടെരിച്ചു. ശബരിമല സീസണായതുകൊണ്ട് പൂജാസാമഗ്രികളൊക്കെ വിൽക്കുന്ന കടയും മറ്റൊരു സ്റ്റോറും ആ കെട്ടിടത്തിലുണ്ടായിരുന്നു. അതൊക്കെ കത്തിനശിച്ചു. ഏകദേശം 10-12 ലക്ഷം രൂപയോളം വരുന്ന നാശനഷ്ടം സംഭവിച്ചു. വായനശാല കത്തിയതറിഞ്ഞ് നാട്ടുകാരാകെ പ്രക്ഷുബ്ധമാവുകയും വലിയ പ്രതിഷേധവും ഹർത്താലും മറ്റുരൂപത്തിലുള്ള സമരമുറകളുമൊക്കെ തുടർന്നുവരികയുമാണ്. അക്ഷരങ്ങളെ തീയിട്ട് ചുട്ടെരിക്കുന്ന സാംസ്കാരിക ശൂന്യൻമാരായിട്ടുള്ള

ആർ.എസ്.എസ്.-മായി ബന്ധമുള്ള ഒരുപറ്റം ക്രിമിനൽസാണ് ഈ കുറ്റകൃത്യങ്ങൾ ചെയ്തിരിക്കുന്നത് എന്ന കാര്യം അവിടെയുള്ള പ്രവർത്തകർ പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും യാതൊരു നടപടിയും സ്വീകരിച്ചുവരുന്നതായി കാണുന്നില്ല. എ.കെ.ജി.യെപ്പോലുള്ള മഹാന്മാരുടെ നാമധേയത്തിലുള്ളൊരു വായനശാല കത്തിനശിപ്പിച്ചുകഴിഞ്ഞാൽ ഉണ്ടാകാവുന്ന സ്വാഭാവികമായ വികാരവുംമറ്റും കണക്കിലെടുത്തുകൊണ്ട് അടിയന്തരമായി ഇക്കാര്യത്തിൽ...... ഇപ്പോൾ ലോക്കൽ പോലീസ് അന്വേഷണം നടത്തി യഥാർത്ഥത്തിലുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നു എന്നുള്ള തോന്നൽ ജനങ്ങൾക്ക് നഷ്ടപ്പെട്ടിരിക്കുകയാണ്. അവിടത്തെ സാഹിത്യ-സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നവർ പ്രത്യേക യോഗം ചേർന്ന് പ്രതിഷേധവും പ്രമേയവുമൊക്കെ പാസ്സാക്കി അയയ്ക്കുന്ന സ്ഥിതി ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ക്രൈംബ്രാഞ്ചിന്റെ ഒരു സ്പെഷ്യൽ ടീമിനെവച്ച് ഇക്കാര്യം അന്വേഷിച്ച് യഥാർത്ഥ കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരും എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടി ഉണ്ടാകണം. ശബരിമല സീസണായതുകൊണ്ട് പൂജാ സാധനങ്ങളാണ് കത്തിനശിച്ചുപോയത്. ബാബു എന്ന ആളിന്റെ കടയിലെ പൂജസാമഗ്രികളും വായനശാലയും ആന്റണി പുളിക്കൽ, ദിനമണി എന്നിവരുടെ കടകളും കത്തി നശിച്ചുപോയിട്ടുണ്ട്. ഇതിനെല്ലാംകൂടി 10-12

ലക്ഷം രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽനിന്ന് നഷ്ടപരിഹാരം കിട്ടുന്നതിനുള്ള അപേക്ഷ കൊടുക്കുന്നുണ്ട്. അതിനുവേണ്ട സഹായസഹകരണങ്ങളുണ്ടാകണമെന്ന് പ്രത്യേകിച്ച് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, എറണാകുളം ജില്ലയിലെ മുനമ്പം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ചെറായി കരയിൽ പടയാറ്റ് വീട്ടിൽ വർഗ്ഗീസ് മകൻ വിനയ വർഗ്ഗീസിന്റെ ഉടമസ്ഥതയിൽ ചെറായി എസ്.എം.എസ്.എച്ച്.എസ്. സ്കൂളിന് എതിർവശം കണ്ടൻമെമ്മോറിയൽ ഇരുനില കെട്ടിടത്തിനുതാഴത്തെ നിലയിൽ പ്രവർത്തിച്ചുവരുന്ന വടക്കെയറ്റത്തെ പൂജാസാമഗ്രി കടയും തൊട്ടടുത്ത പാത്രക്കടയും മുകളിലെ നിലയിലെ എ.കെ.ജി. വായനശാലയും പൂർണ്ണമായും സി.പി.(ഐ)എം.പാർട്ടി ഓഫീസ് ഭാഗീകമായും 8.11.2015-ന് പുലർച്ചെ നാലുമണിക്ക് ഏതോവിധം തീകത്തി നശിച്ചിട്ടുള്ളതാണ്. അതിലേയ്ക്ക് മുനമ്പം പോലീസ് സ്റ്റേഷനിൽ ക്രൈം 985/2015 ആയി ഫയർ ഒക്കറൻസിന് കേസ് രജിസ്റ്റർ ചെയ്തു. തീ കത്തിയ സ്ഥാപനം നടത്തിപ്പുകാർക്കും കെട്ടിട ഉടമകൾക്കും പത്തുലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായതായി പരാതി

പ്പെട്ടിട്ടുണ്ട്. സംഭവം അറിഞ്ഞയുടൻ ആലുവ ഡി.വൈ.എസ്.പി. സ്ഥലത്തെത്തി അന്വേഷണം നടത്തുകയും എഫ്.എസ്.എൽ. യൂണിറ്റിലെ സയന്റിഫിക് അസിസ്റ്റന്റിന്റെ സേവനം പ്രയോജനപ്പെടുത്തി തെളിവുകൾ ശേഖരിച്ച് ബഹുമാനപ്പെട്ട ഞാറയ്ക്കൽ ജെ.എഫ്.സി.എം. കോടതി മുഖാന്തിരം തിരുവനന്തപുരം ഫോറൻസിക് ലാബിലേയ്ക്ക് അയച്ചിട്ടുള്ളതുമാണ്. 09.11.2015-ൽ എറണാകുളം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽനിന്നും ഇലക്ട്രിക്കൽ ഇൻസ്പെക്ടറെ വരുത്തി തെളിവുകൾ ശേഖരിച്ച് സ്ഥലത്തും പരിസരത്തുമുള്ള ഇരുപതോളംപേരെ ചോദ്യം ചെയ്ത് അന്വേഷണം നടത്തി. ഈ കുറ്റകൃത്യത്തിലേർപ്പെട്ടതായി സംശയിക്കുന്ന വ്യക്തികളുടെ സംഭവദിവസത്തെ സ്ഥലസാന്നിദ്ധ്യത്തെയും അവരുടെ ഫോൺകോൾ വിവരങ്ങൾ ശേഖരിച്ചുംമറ്റും ഈ കേസ് മുനമ്പം പോലീസ് സബ് ഇൻസ്പെക്ടർ ഊർജ്ജിതമായി അന്വേഷിക്കുകയാണ്. ശ്രീ. എസ്. ശർമ്മയുടെ ആവശ്യം ഇത് ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിക്കണമെന്നുള്ളതുകൊണ്ട് ജില്ലാ ക്രൈംബ്രാഞ്ചിന് ഈ കേസ് ഏൽപ്പിച്ച് എത്രയും വേഗം അന്വേഷിച്ച് പ്രതികളെ കണ്ടെത്താനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. നഷ്ടപരിഹാരത്തിനുള്ള അപേക്ഷ മുഖ്യമന്ത്രിക്ക് കൊടുത്തിട്ടുണ്ടെങ്കിൽ ഞാൻ അദ്ദേഹവുമായി സംസാരിക്കുന്നതാണ്.

(9) <u>അരുണിന്റെ മരണത്തിലെ ദുരൂഹത</u>

<u>ശ്രീ. ബി. സത്യൻ</u>: സർ, വളരെ ഗൗരവമുള്ള വിഷയമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഈ വിഷയത്തിന് ആധാരമായ എസ്.ആർ. അരുൺ സർക്കാർ ജീവനക്കാരനാണ്. എറണാകുളം ജില്ലയിലെ കുന്നത്തുനാട് വടവുകോട് ബ്ലോക്ക് ഓഫീസിനുകീഴിൽ വി.ഇ.ഒ. ആയിരുന്നു. എസ്. ആർ. അരുണിനെ തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കുകയും ഒക്ടോബർ മാസം 31-ാം തീയതി ആറ്റിങ്ങൽ അവനവഞ്ചേരിയിലുള്ള അദ്ദേഹത്തിന്റെ വീട്ടിൽ നിന്നും പോവുകയും നവംബർ മാസം നാലാം തീയതി 11.30 മണിക്ക് തന്റെ പിതാവിനെ വിളിച്ച് കാര്യങ്ങൾ സംസാരിച്ചതിനുശേഷം അരുണുമായി യാതൊരു ബന്ധവും ഉണ്ടാകാത്തതിനെതുടർന്ന് 6-ാം തീയതി പുത്തൻകുരിശ് പോലീസ് സ്റ്റേഷനിൽ പിതാവും ബന്ധുക്കളും പരാതി നൽകുകയും അന്വേഷണം എങ്ങുമെത്താത്തതിനെത്തുടർന്ന് കഴിഞ്ഞ നവംബർ മാസം പത്താം തീയതി ഞാൻ അങ്ങേയ്ക്ക് അരുണിന്റെ കുടുംബാംഗങ്ങളോടൊപ്പം വന്ന് പരാതി നൽകുകയും ചെയ്തു. അന്വേഷണത്തിൽ പുരോഗതി ഉണ്ടാകാത്തതിനെത്തുടർന്ന് അങ്ങ് ശക്തിയായ ഇടപെടൽ നടത്തിയെങ്കിലും അരുണിനെ കണ്ടെത്താനായില്ല. ഡിസംബർ മാസം ഒന്നാം തീയതി വൈകിട്ടോടുകൂടി അരുൺ ജോലിചെയ്തുവന്നിരുന്ന സ്ഥാപനത്തിന്

ഏകദേശം അടുത്തുള്ള ഭാഗത്ത് അദ്ദേഹത്തിന്റെ മൃതശരീരം കണ്ടെത്തി. തുടർന്ന് രണ്ടാം തീയതി മൃതശരീരം ശാസ്ത്രീയമായ പരിശോധനയും, പോസ്റ്റ്മോർട്ടവും നടത്തി കുടുംബ വീട്ടിൽ കൊണ്ടുവന്നു. ആ കുടുംബം വളര പ്രയാസത്തിലാണ്. രണ്ടര വയസ്സ് പ്രായമുള്ള കുഞ്ഞും ഭാര്യയും പിതാവും മാതാവുമടങ്ങിയ കുടുംബമാണ്. എസ്.ആർ. അരുൺ എം.എസ്സി. ബിരുദധാരിയാണ്. ആദ്യം വില്ലേജ്മാനായും അതിനുശേഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായും മത്സരപ്പരീക്ഷകളെഴുതി സർവ്വീസിൽ  പ്രവേശിച്ചയാളാണ്. മരണകാരണം എന്താണെന്നതു സംബന്ധിച്ച് രക്ഷിതാക്കളും നാട്ടുകാരും മുഖ്യധാരാ രാഷ്ട്രീയകക്ഷികളും ഒരുമിച്ച് ഒരു ആക്ഷൻ കൗൺസിൽ രൂപീകരിച്ച് ശക്തിയായ പ്രക്ഷോഭ സമരത്തിലാണ്. ഈ വിഷയത്തിൽ ഇടപെടാത്ത ഉദ്യോഗസ്ഥർ കുറവാണ്. എന്നാലും ബന്ധുക്കളും നാട്ടുകാരും എല്ലാ രാഷ്ട്രീയ കക്ഷികളും പറയുന്നത് അന്വേഷണത്തിന് ഒരു സ്പെഷ്യൽ ഉദ്യോഗസ്ഥൻ വേണമെന്നാണ്. അന്വേഷിക്കുന്ന ഉദ്യോഗസ്ഥനെ നമുക്ക് സമീപിക്കാൻ കഴിയുന്നില്ല. ഉദ്യോഗസ്ഥനെ അരുണിന്റെ ബന്ധുക്കൾക്കോ നമുക്കോ കണ്ട് കേസിന്റെ പുരോഗതി മനസ്സിലാക്കാൻ സാധിക്കുന്നില്ല. കൂടാതെ അന്വേഷണത്തിന്റെ കാര്യത്തിലും തൃപ്തിയില്ല. കാരണം അരുൺ ജോലി ചെയ്ത സ്ഥാപനത്തിൽ നിന്നും ഏതാണ്ട് 12 കിലോമീറ്റർ അടുത്തുള്ള ചോറ്റാനിക്കര എന്ന

സ്ഥലത്തെ പാറമടയിലാണ് മൃതശരീരം കിടന്നത്. തെരഞ്ഞെടുപ്പ് ഡ്യൂട്ടി ചെയ്ത സ്ഥലവും മൃതശരീരം കിടന്ന സ്ഥലവും തമ്മിൽ വലിയ വ്യത്യാസം വരുന്നില്ല. തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്കിടയിൽ അപ്രത്യക്ഷനാവുകയും വീണ്ടും ഒരുമാസം കഴിഞ്ഞ് മൃതശരീരം കാണാനിടയാവുകയും ചെയ്ത സാഹചര്യം വളരെ ഗൗരവമായി അന്വേഷിക്കുകയും അതിന്റെ സത്യസ്ഥിതി പുറത്തുകൊണ്ടുവരാനും കുടുംബത്തിന് സർക്കാരിന്റെ സഹായമുണ്ടാകണമെന്നുകൂടി ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുന്നു. നിർഭാഗ്യകരമെന്നു പറയട്ടെ തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്കിടയിൽ കാണാതായതാണ്. തെരഞ്ഞെടുപ്പു കമ്മീഷനോ സർക്കാരിന്റെ പ്രതിപുരുഷൻമാരോ സർക്കാർ നിയോഗിച്ച മറ്റ് ബഹുമാന്യരായ ഉദ്യോഗസ്ഥരോ തൃപ്തികരമായ നിലയിൽ കുടുംബത്തെ ആശ്വസിപ്പിക്കാനോ സഹായിക്കാനോ ഇതുവരെയും എത്താത്തതിലുള്ള ഉത്കണ്ഠയും ദു:ഖവുംകൂടി അങ്ങയുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നു. കേസ് അന്വേഷിക്കുന്നതിന് ചുമതലപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ ആരാണെന്ന് നിർദ്ദേശിക്കുകയും അതനുസരിച്ചുള്ള ഉത്തരവ് ഉണ്ടാകണമെന്നും അപേക്ഷിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):സർ, ഇക്കഴിഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ കോലഞ്ചേരി സെന്റ് പീറ്റേഴ്സ് സ്കൂളിൽ പ്രവർത്തിച്ച ബാലറ്റ് വിതരണ കേന്ദ്രത്തിൽ

ജോലിക്ക് നിയോഗിക്കപ്പെട്ട ആറ്റിങ്ങൽ അവനവഞ്ചേരി നിവാസിയും വടവുകോട് ബ്ലോക്ക് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായ 33 വയസ്സുള്ള അരുൺ കുമാറിനെ 4-11-2015 ഉച്ചയ്ക്ക് 12.00 മണിമുതൽ ബാലറ്റ് വിതരണ കേന്ദ്രത്തിൽ നിന്ന് കാണാതായ കാര്യത്തിന് വടവുകോട് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറായ ശ്രീ. വി. ആർ. ഷാജിയുടെ പരാതി പ്രകാരം പുത്തൻകുരിശ് പോലീസ് സ്റ്റേഷനിൽ കെ. പി. ആക്ട് 57-ാം വകുപ്പ് പ്രകാരം ക്രൈം 1327/2015 ആയി കേസ് രജിസ്റ്റർ ചെയ്തു. ഈ കേസിന്റെ അന്വേഷണം പുത്തൻകുരിശ് പോലീസ് ഇൻസ്പെക്ടർ നടത്തി വരവെ ചോറ്റാനിക്കര പോലീസ് സ്റ്റേഷൻ പരിധിയിലെ ശാസ്താംമുകൾ ഭാഗത്തെ ഒലിക്കുഴിയിൽ വർഗ്ഗീസ് എന്നയാളുടെ വക പാറമടയിൽ ജീർണ്ണിച്ച നിലയിൽ അരുണിന്റെ മൃതദേഹം കണ്ടെത്തി. റെജി എന്ന പരിസരവാസിയുടെ മൊഴിപ്രകാരം ചോറ്റാനിക്കര പോലീസ് സ്റ്റേഷനിൽ സിആർ. പി. സി 174-ാം വകുപ്പു പ്രകാരം ക്രൈം 705/2015 ആയി കേസ് രജിസ്റ്റർ ചെയ്തു. മൃതദേഹത്തിലെ വസ്ത്രങ്ങളും മൊബൈൽ ഫോണുംമറ്റും കണ്ട് സഹോദരൻ അനീഷ് ഈ വ്യക്തിയെ തിരിച്ചറിഞ്ഞിട്ടുള്ളതാണ്. തുടർന്ന് ചോറ്റാനിക്കര പോലീസ് സബ് ഇൻസ്പെക്ടർ ഇൻക്വസ്റ്റ് റിപ്പോർട്ട് തയ്യാറാക്കി ആലപ്പുഴ മെഡിക്കൽ കോളേജാശുപത്രിയിൽ ഫോറൻസിക് വിഭാഗത്തിലയച്ച് പോസ്റ്റ്മോർട്ടം നടത്തുകയുണ്ടായി.

പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറോട് ചോദിച്ചതിൽ മൃതദേഹത്തിന് ഏകദേശം മൂന്ന് ആഴ്ചയിലേറെ പഴക്കമുള്ളതായും കയ്യിലെ റെസ്റ്റ് ഭാഗത്തെ എല്ലുകൾക്ക് പൊട്ടലുള്ളതായും ബാഹ്യമായ മറ്റ് പരിക്കുകൾ കാണാനില്ലെന്നും ശരീരത്തിൽ സംഭവിച്ച എല്ലുകളുടെ പൊട്ടൽ സാധാരണ വീഴ്ചയിൽ ഉണ്ടാകാവുന്നതാണെന്നും രാസഫല പരിശോധനാ ഫലം വന്നാലേ മരണകാരണം വെളിപ്പെടുത്താനാകൂവെന്നും പറഞ്ഞിട്ടുള്ളതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. സത്യനും അരുണിന്റെ ബന്ധുമിത്രാദികളും അരുണിനെ കാണാതായ സന്ദർഭത്തിൽ എന്നെ വന്ന് കണ്ട് പരാതി നൽകിയതാണ്. ഞാൻ എറണാകുളം റൂറൽ എസ്.പി.ക്ക് അന്വേഷണം നൽകിയതാണ്. പോലീസിന്റെ അന്വേഷണത്തിൽ ആളെ കണ്ടെത്താൻ കഴിയാതെ പോയെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. ഈ കേസിന്റെ അന്വേഷണം കൂടുതൽ കാര്യക്ഷമമാക്കാൻ വേണ്ടി എറണാകുളം റൂറൽ ജില്ലാ ക്രൈംബ്രാഞ്ചിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 4-12-2015 മുതൽ എറണാകുളം റൂറൽ ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി ഈ കേസ് അന്വേഷിച്ചു വരികയാണ്. മരണത്തിനുപിന്നിലെ ദുരൂഹത കണ്ടെത്താനുള്ള എല്ലാ ശ്രമങ്ങളും ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുകയാണ്. ക്രൈംബ്രാഞ്ച് എറണാകുളം റൂറൽ

ഡിവൈ.എസ്.പിയുമായി നിങ്ങൾക്ക് ബന്ധപ്പെടാവുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ.യുമായി സംസാരിച്ച ശേഷം ഞാൻ ആ വീട് വൈകാതെതന്നെ സന്ദർശിക്കുന്നതാണ്.

(10) ഗുഡ് സർവ്വീസ് എൻട്രി

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, കാസർഗോഡ് ജില്ലയിൽ രണ്ട് ബാങ്ക് കൊള്ളകൾ നടക്കുകയുണ്ടായി. ഒന്ന്, ചെറുവത്തൂരിലെ വിജയാ ബാങ്കാണ്. മറ്റൊന്ന്, കാസർഗോഡ് കുടിലൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കാണ്. ഇവിടങ്ങളിൽ നിന്നും ദശലക്ഷക്കണക്കിന് രൂപയും കോടാനുകോടി രൂപയുടെ സ്വർണ്ണാഭരണങ്ങളും കവർച്ച ചെയ്യുകയുണ്ടായി. ഒരു വീട്ടമ്മയെ അവിടെ കൊല ചെയ്തു. ഇതെല്ലാം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനുവേണ്ടി ഡോ.എസ്. ശ്രീനിവാസൻ ഐ.പി.എസ്, ജില്ലാ എസ്. പി.യും അതുപോലെ മുപ്പത്തിയഞ്ചോളം പോലീസ് ഉദ്യോഗസ്ഥൻമാരുടെയെല്ലാം നേതൃത്വത്തിൽ വളരെ സ്തുത്യർഹമായ രീതിയിൽ ശാസ്ത്രീയമായി അന്വേഷണം നടത്തി കൊള്ളമുതലുകളും കൊള്ളക്കാരെയും കണ്ടുപിടിച്ചിരിക്കുകയാണ്. അതുപോലെ തന്നെ കൊലനടത്തിയ കൊലയാളിയെയും കണ്ടെത്തി കോടതിയിൽ ഹാജരാക്കി. ഇത്രയും സ്തുത്യർഹമായ പ്രവർത്തനം നടത്തിയ പോലീസ് ഉദ്യോഗസ്ഥർക്ക് നാട്ടുകാർ മീറ്റിംഗുകൾ

സംഘടിപ്പിച്ച് ഉപഹാരങ്ങൾ നൽകുകയാണ്. ബാന്റ് വാദ്യം, മുത്തുക്കുട എന്നിവയോടെ ആയിരക്കണക്കിനാളുകൾ പങ്കെടുത്ത് നിരവധി ബഹുമതികളാണ് ഈ കേസന്വേഷണത്തിന്റെ ഭാഗമായി നാട്ടുകാർ നൽകുന്നത്. എല്ലാ രാഷ്ട്രീയപാർട്ടികളും വ്യാപാരി വ്യവസായി സംഘങ്ങളും സാംസ്കാരിക സംഘടനകളും എന്നോട് ആവശ്യപ്പെട്ടിരിക്കുന്നത് അന്വേഷണം നടത്തിയ പോലീസ് ഉദ്യോഗസ്ഥൻമാർക്ക് സർക്കാരിൽ നിന്നും ഗുഡ് സർവ്വീസ് എൻട്രി കൊടുക്കാനാവശ്യമായ ശിപാർശ എം.എൽ.എ നടത്തണമെന്നാണ്. ഞാൻ പങ്കെടുത്ത മൂന്നോ നാലോ മീറ്റിംഗുകളിൽ ഈ ആവശ്യമുണ്ടായി. അതിന്റെ ഭാഗമായാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ഗുഡ് സർവ്വീസ് എൻട്രി കൊടുക്കണമെന്ന് ശിപാർശ ചെയ്യുന്നത്. ഇക്കാര്യം പരിഗണിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):സർ, ഈ സഭയിൽ ഒരിക്കലും പോലീസിന് വലിയ അഭിനന്ദനങ്ങളൊന്നും കിട്ടാറില്ല. ഏതായാലും ബഹുമാനപ്പെട്ട തൃക്കരിപ്പൂർ മെമ്പർ പോലീസിനെ അഭിനന്ദിച്ചതിന് വളരെ നന്ദിയുണ്ട്. പോലീസിന് കല്ലേറും വിമർശനങ്ങളും മാത്രമേ ലഭിക്കാറുള്ളൂ. തൃക്കരിപ്പൂർ എം.എൽ.എ ശ്രീ. കെ. കുഞ്ഞിരാമനോട് ഞാൻ പ്രത്യേകം നന്ദി

പറയുന്നു. രണ്ട് ബാങ്കുകളാണ് കാസർഗോഡ് ജില്ലയിൽ സമീപകാലത്ത് കൊള്ളയടിക്കപ്പെട്ടത്. കുടിലൂർ സർവ്വീസ് സഹകരണ ബാങ്കും ചെറുവത്തൂരിലെ വിജയാ ബാങ്കും. സംഭവം നടന്നശേഷം വിജയാ ബാങ്ക് ഞാൻ സന്ദർശിച്ചതാണ്. വളരെ വിദഗ്ദ്ധമായാണ് കൊള്ള നടത്തിയിട്ടുള്ളത്. ബാങ്ക് കവർച്ചകളും കൊലപാതകവുമുൾപ്പെടെയുള്ള പ്രമാദമായ കേസുകൾ തെളിയിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് ഗുഡ്സ് സർവ്വീസ് എൻട്രി ഉൾപ്പെടെയുള്ള അംഗീകാരങ്ങൾ സംസ്ഥാന പോലീസ് മേധാവിയാണ് അനുവദിച്ചുവരുന്നത്. കാസർഗോഡ് ജില്ലയിൽ ചന്ദേര പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട വിജയാ ബാങ്ക് കവർച്ചാകേസ് ക്രൈം നമ്പർ 678/2015, ഹോസ്ദുർഗ് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ജാനകിയമ്മ വധക്കേസ് ക്രൈം നമ്പർ 979/15, കാസർഗോഡ് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കുടിലൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് കവർച്ച ക്രൈം നമ്പർ 649/15 തുടങ്ങിയ നിരവധി കേസുകളിൽ സ്തുത്യർഹമായ നിലയിൽ സേവനം നടത്തി കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ ജില്ലാ പോലീസ് സൂപ്രണ്ട് ഡോ. ശ്രീനിവാസനും പോലീസ് ഉദ്യോഗസ്ഥൻമാർക്കും കഴിഞ്ഞിട്ടുണ്ട്. മേൽക്കേസുകൾ തെളിയിച്ച പോലീസ് ഉദ്യോഗസ്ഥർക്ക് അർഹമായ ക്യാഷ് അവാർഡ് MSE/GSE എന്നിവ നൽകുന്നതിനുള്ള

പ്രൊപ്പോസൽ കാസർഗോഡ് ജില്ലാ പോലീസ് മേധാവിയും സംസ്ഥാന പോലീസ് മേധാവിയും പരിശോധിച്ചുവരികയാണ്. ഉടൻതന്നെ ബഹുമാനപ്പെട്ട തൃക്കരിപ്പൂർ അംഗം ശ്രീ. കുഞ്ഞിരാമൻ ഇവിടെ ചൂണ്ടിക്കാണിച്ച പാരിതോഷികങ്ങൾ സർക്കാർ അവർക്ക് നൽകുന്നതാണെന്ന് അറിയിക്കുന്നു.

(11) ഉന്നതതല അന്വേഷണം

ശ്രീ. പുരുഷൻ കടലുണ്ടി: സർ, നടക്കാവ് പോലീസ് സ്റ്റേഷനിലെ മിടുക്കനായിരുന്ന ഉദ്യോഗസ്ഥൻ ഷാജിയുടെ വേർപാട് നിർഭാഗ്യകരമായിപ്പോയി. അദ്ദേഹത്തിന്റെ മരണം ബാലുശ്ശേരി നിർമ്മല്ലൂർ ഗ്രാമത്തെ ദു:ഖത്തിലാക്കി. അദ്ദേഹത്തിന്റെ ആത്മഹത്യാക്കുറിപ്പ് ഉത്കണ്ഠയുണ്ടാക്കുന്നതാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയും എല്ലാ രാഷ്ട്രീയ, സാംസ്കാരിക, സർവ്വീസ് സംഘടനാ നേതാക്കളും, തൊഴിലാളികളുമടക്കം ഈ വിവരമറിഞ്ഞ എല്ലാവരും ഈ ജനകീയ പോലീസുകാരനോട് മേലുദ്യോഗസ്ഥൻ സ്വീകരിച്ച നിലപാടിൽ അസ്വസ്ഥരാണ്. ഇക്കാര്യത്തിൽ ഉന്നതതല അന്വേഷണം നടത്തണം. അദ്ദേഹത്തിന്റെ കുടുംബത്തിന് പ്രത്യേക ധനസഹായം പ്രഖ്യാപിക്കണം. ക്രിമിനലുകളോടുപോലും പോലീസിന്റെ സമീപനം മാറ്റണമെന്ന് പറയുന്ന വർത്തമാനകാലത്ത് കീഴുദ്യോഗസ്ഥനോട് ചൂരൽ പ്രയോഗം നടത്തുന്നവർക്ക് സ്വയം തിരുത്താൻ നിർദ്ദേശം നൽകണം. അങ്ങനെ

മാതൃക കാണിക്കണം, ഇതാണ് എന്റെ സബ്മിഷൻ.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. പുരുഷൻ കടലുണ്ടി ഇവിടെ അവതരിപ്പിച്ച ഈ സബ്മിഷൻ വളരെ പ്രാധാന്യമുള്ള ഒന്നാണ്. പോലീസുകാരൻ ആത്മഹത്യ ചെയ്ത വീട് ഞാൻ സന്ദർശിച്ചിരുന്നു. വിവിധ ഡിപ്പാർട്ടുമെന്റുകൾ സിവിൽ സൊസൈറ്റിയുമായി ചേർന്ന് പ്രവർത്തിക്കുന്ന സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീമിന്റെ ഭാഗമായ 'Our Responsibility to Children (ORC)' എന്ന പദ്ധതിയുടെ കോഴിക്കോട് ജില്ലയിലെ വാട്ട്സ് ആപ് ഗ്രൂപ്പിലേയ്ക്ക് 26.11.2015 ഉച്ചയ്ക്ക് 1.43 മണിയോടെ പ്രസ്തുത വാട്ട്സ് ആപ് ഗ്രൂപ്പിലെ അംഗമായ നടക്കാവ് പോലീസ് സ്റ്റേഷനിലെ സീനിയർ സി.പി.ഒ. 7125, ഷാജി തന്റെ മൊബൈൽ ഫോണിൽ നിന്നും ഒരു അശ്ലീലചിത്രം അയച്ചതിന് പ്രസ്തുത വാട്ട്സ് ആപ് ഗ്രൂപ്പ് അഡ്മിൻമാരിൽ ഒരാളായ രാജു പി. മേനോൻ ഒരു പരാതി അന്നേ ദിവസം കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിക്ക് സമർപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വാട്ട്സ് ആപ് ഗ്രൂപ്പിലെ മറ്റൊരംഗമായ കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവി തന്റെ ഔദ്യോഗിക മൊബൈൽ ഫോണിലെ വാട്ട്സ് ആപ് ഗ്രൂപ്പ് മെസേജ് പരിശോധിച്ചുനോക്കി ഈ പരാതി

ശരിയാണെന്ന് ബോദ്ധ്യപ്പെട്ടപ്പോൾ സീനിയർ സി.പി.ഒ. ഷാജിയെ ജില്ലാ പോലീസ് ഓഫീസിലേയ്ക്ക് വിളിച്ചുവരുത്തി അതിനെപ്പറ്റി അന്വേഷിക്കുകയും മെസേജ് അയച്ചത് ഷാജി തന്നെയാണെന്ന് ഉറപ്പുവരുത്തിയതിനെ തുടർന്ന് KPDIP & A റൂളിലെ നിബന്ധനകൾക്ക് വിധേയമായി ഷാജിയെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്യുകയും ചെയ്തു. 27.11.2015-ന് വൈകുന്നേരം 7.30-ന് മുമ്പുള്ള ഏതോ സമയത്ത് ഷാജി കോഴിക്കോട് ബാലുശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിലെ പാറമുക്ക് എന്ന സ്ഥലത്തുള്ള തന്റെ വീട്ടിലെ ബെഡ്റൂമിലെ സീലിംഗ് ഫാനിൽ കെട്ടിത്തൂങ്ങി മരിച്ചു. അതിലേയ്ക്ക് CrPC 174-ാം വകുപ്പ് പ്രകാരം ബാലുശ്ശേരി പോലീസ് സ്റ്റേഷനിൽ ക്രൈം 717/2015 ആയി കേസ് രജിസ്റ്റർ ചെയ്തു. തന്റെ ഫോണിലെ വാട്ട്സ് ആപ്പിൽ നിന്നും സന്ദേശമയച്ചതിന്റെ പേരിൽ നേരിട്ട സസ്പെൻഷനും ഈ വിവരങ്ങൾ മുഴുവൻ പത്രമാധ്യമങ്ങളിൽ വന്നപ്പോൾ അയാൾക്കുണ്ടായ മാനസിക ആഘാതത്തെയും തുടർന്നാണ് കെട്ടിത്തൂങ്ങി മരിച്ചതെന്നാണ് പ്രാഥമികമായി വെളിവായിട്ടുള്ളത്. ഈ കേസിന്റെ അന്വേഷണം ബാലുശ്ശേരി പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ നടത്തി വരുന്നു. ഷാജിയുടെ മൊബൈൽ ഫോൺ കോടതി മുഖാന്തിരം എഫ്.എസ്.എൽ.-ലേയ്ക്ക് പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്. ഉയർന്ന ഉദ്യോഗസ്ഥരടക്കം 51 പേർ

അംഗങ്ങളായിട്ടുള്ള ഈ വാട്ട്സ് ആപ് ഗ്രൂപ്പിൽ 15 പേർ സ്ത്രീകളാണ്. ഈ വാട്ട്സ് ആപ് ഗ്രൂപ്പ് 03.09.2015-ൽ ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസറായ ശ്രീമതി ഷീബാ മുംതാസ് ആണ് ആരംഭിച്ചത്. വാട്ട്സ് ആപ് ഗ്രൂപ്പിലേയ്ക്ക് അശ്ലീലചിത്രം മൊബൈൽ ഫോൺ വഴി അയച്ചതായി കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിക്ക് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഈ നടപടിയുണ്ടായിട്ടുള്ളത്. എന്നാൽ മൊബൈൽ ഫോണിലൂടെ ഈ മെസേജ് തെറ്റായി അയച്ചുപോയതാണെന്നാണ് ഞാനവിടെ ചെന്നപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ എന്നോട് പറഞ്ഞത്. അബദ്ധത്തിൽ അയച്ചുകഴിഞ്ഞതിനുശേഷം തെറ്റാണെന്ന് മനസ്സിലായപ്പോൾത്തന്നെ അത് പിൻവലിക്കുകയും ചെയ്തു. ഏതായാലും ഇത് സംബന്ധിച്ച് ജനങ്ങളുടെയിടയിൽ ഒരു ആശങ്കയുണ്ടെന്ന് ശ്രീ. പുരുഷൻ കടലുണ്ടി ചൂണ്ടിക്കാണിച്ചത് ശരിയാണ്. ഞാനവിടെ ചെന്നപ്പോൾത്തന്നെ അയ്യായിരത്തോളം ആളുകൾ അവിടെ തടിച്ചുകൂടിയിരുന്നു. അദ്ദേഹത്തിന്റെ ദുര്യോഗത്തിൽ ജനങ്ങൾക്ക് അത്രമാത്രം വികാരമുണ്ട് എന്നുള്ളത് ശരിയാണ്. അദ്ദേഹത്തിന്റെ ഭാര്യയും രണ്ട് പിഞ്ചുകുട്ടികളും മാത്രമാണ് ആ വീട്ടിലുള്ളത്. ഈ ഉദ്യോഗസ്ഥനെപ്പറ്റി പൊതുവെ നല്ല അഭിപ്രായമാണ് അവിടെ എല്ലാവർക്കുമുള്ളത്. ഏതായാലും പോലീസ് ലഭ്യമാക്കിയ റിപ്പോർട്ട് മാത്രമായി ഞാൻ

പരിഗണിക്കുന്നില്ല. ഇതുസംബന്ധിച്ച് അപ്പോൾത്തന്നെ നോർത്ത് എ.ഡി.ജി.പി. ശ്രീ. നിതിൻ അഗർവാളിനോട് റിപ്പോർട്ട് നൽകാൻ പറഞ്ഞിട്ടുണ്ട്. റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ എന്തുവേണമെന്ന് ഗവൺമെന്റ് തീരുമാനിക്കും. വളരെ ദു:ഖകരമായ ഒരു സംഭവമാണിത്, ഒരിക്കലും നീതീകരിക്കാൻ കഴിയുന്നതല്ല. ഒരു സംഭവമുണ്ടായാൽ ചിലപ്പോൾ പോലീസിന് ഉദ്യോഗസ്ഥന്മാരെ സസ്പെന്റ് ചെയ്യേണ്ടി വരും. അത് പോലീസിൽ വേണ്ടിവരുന്ന കാര്യമാണ്. അങ്ങനെയുള്ള സന്ദർഭത്തിൽ എല്ലാവരും ആത്മഹത്യ ചെയ്യാൻ തുടങ്ങിക്കഴിഞ്ഞാൽ ഒന്നിനും പരിഹാരമാകില്ല. പക്ഷേ ഈ സംഭവത്തെ അങ്ങനെയൊരു ലാഘവത്തോടുകൂടി കാണാൻ കഴിയില്ല. അവിടെ ജനങ്ങൾ മാധ്യമങ്ങളെവരെ ബഹിഷ്ക്കരിക്കുകയാണ്. കാര്യങ്ങൾ ആ നിലയിൽ വരെയെത്തി. വളരെയധികം സെൻസിറ്റീവായ വിഷയമാണിത്. ഏതായാലും റിപ്പോർട്ട് ലഭിക്കട്ടെ എന്നാണ് എനിക്ക് പറയാനുള്ളത്. ആത്മഹത്യ ചെയ്താൽ സാധാരണ ഗതിയിൽ ഗവൺമെന്റിൽനിന്നും സാമ്പത്തിക സഹായം നൽകാറില്ല. എന്നാലും ഇതൊരു പ്രത്യേക കേസായി എങ്ങനെ കാണാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിക്കുന്നതാണ്.

(12) ചന്ദ്രബോസ് വധക്കേസ്

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: സർ, വളരെയധികം പ്രതിഷേധത്തോടെ യാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. വളരെ വിവാദമായ, കേരളം മുഴുവൻ ശ്രദ്ധിച്ച ഒരു കൊലപാതകം തൃശ്ശൂരിൽ നടന്നു. ഒരു സെക്യൂരിറ്റി ജീവനക്കാരനെ ഒരു വിവാദ വ്യവസായി വണ്ടിയിടിച്ചും ചവിട്ടിയും കുത്തിയും കൊലപ്പെടുത്തിയ സംഭവം കേരളം മുഴുവൻ ചർച്ച ചെയ്തതാണ്. തൃശ്ശൂർ സെഷൻസ് കോടതിയിലാണ് ഈ കേസിന്റെ വിചാരണ നടന്നുകൊണ്ടിരുന്നത്. കോളിളക്കം സൃഷ്ടിച്ച ചന്ദ്രബോസ് കൊലക്കേസിന്റെ വിചാരണ ബഹു. കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. വിചാരണ സ്റ്റേ ചെയ്തുകിട്ടണമെന്ന പ്രതിയുടെ ഹർജിയിൽ പ്രോസിക്യൂട്ടർ ഹാജരായി എതിർപ്പ് രേഖപ്പെടുത്തിയില്ല. ഡി.ജി.പി.-ക്ക് നോട്ടീസ് കൊടുത്തതുകൊണ്ടാണ് ഈ ഹർജി ഹൈക്കോടതി പരിഗണനയ്ക്കെടുത്തത്. അതുകൊണ്ടാണ് ഈ പ്രമാദമായ കേസിന്റെ വിചാരണ സ്റ്റേ ചെയ്തത്. വളരെ ഗുരുതരമായ വീഴ്ചയാണ് പ്രോസിക്യൂഷന്റെ ഭാഗത്തുനിന്നും ഈ കേസിലുണ്ടായത്. ഈ കേസിന്റെ അന്വേഷണ ഘട്ടത്തിൽ ത്തന്നെ സമ്മർദ്ദങ്ങളും ഉന്നത ഇടപെടലുകളും നിരന്തരമുണ്ടായിട്ടുണ്ടെന്ന് മാധ്യമങ്ങളിൽ ധാരാളം വാർത്തകൾ വന്നതാണ്. നീതി പുലർന്നുകാണണമെന്ന പൊതുപ്രവർത്തകരുടെയും ജനങ്ങളുടെയുമൊക്കെ ശ്രദ്ധയാണ് ഈ കേസിന്റെ വിചാരണഘട്ടം

വരെയെത്തിച്ചത്. ഇത്രയും പ്രമാദമായ ഈ കേസിന്റെ വിചാരണ സ്റ്റേ ചെയ്തുകിട്ടണമെന്ന പ്രതിയുടെ ഹർജി പരിഗണനയ്ക്ക് വരുമ്പോൾ പ്രോസിക്യൂട്ടർ ഹാജരാകാതിരുന്നത്, പ്രത്യേകിച്ച് ഡി.ജി.പി. ഹാജരാകാതിരുന്നത് കുറ്റകരമായ അനാസ്ഥയാണ്. വളരെ അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെട്ട് ചന്ദ്രബോസ് കൊലക്കേസ് വിചാരണയുടെ ഹൈക്കോടതി സ്റ്റേ നീക്കിക്കിട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ വിഷയത്തിൽ ഇത്തരം തടസ്സങ്ങളുണ്ടായ പലഘട്ടങ്ങളിലും ബഹു. ആഭ്യന്തര വകുപ്പുമന്ത്രി നേരിട്ട് ഇടപെട്ടിട്ടുണ്ട്, ചന്ദ്രബോസിന്റെ വിധവയ്ക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. സുപ്രീംകോടതിയിൽ കേസ് വന്നപ്പോൾ ആദ്യദിവസം ഗവൺമെന്റ് വക്കീൽ ഹാജരായില്ല. രണ്ടാമത്തെ ദിവസം ബഹു. ആഭ്യന്തര വകുപ്പുമന്ത്രി ഇടപെട്ടാണ് ശ്രീ. കപിൽ സിബൽ ഹാജരാകുന്ന സ്ഥിതി യുണ്ടായത്. എന്തുകൊണ്ടാണ് ഈ കേസിന്റെ വിഷയത്തിൽ മാത്രം ഡി.ജി.പി.-യും പബ്ലിക് പ്രോസിക്യൂട്ടറും ഹാജരാകാതിരുന്നത്? നോട്ടീസ് കിട്ടിയിട്ടും അവർ മാറിനിന്നത് എന്തുകൊണ്ടാണെന്ന് ഗൗരവത്തോടുകൂടി ആലോചിക്കണം, എന്താണ് സംഭവിച്ചതെന്ന് കൃത്യമായി അന്വേഷിക്കണം. ഈ വിഷയത്തിൽ അടിയന്തര ഇടപെടലുണ്ടാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ചന്ദ്രബോസ് വധക്കേസ് കേരളത്തെ ഞെട്ടിപ്പിച്ച ഒന്നാണ്. ഈ വധക്കേസ് പേരാമംഗലം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് തൃശ്ശൂർ ഫസ്റ്റ് അഡീഷണൽ ജില്ലാ സെഷൻസ് കോടതിയിൽ വിചാരണ നടന്നുവരികയാണ്. ഈ കേസിലെ സാക്ഷി വിസ്താരം പൂർത്തിയായി. ഈ കേസിൽ പ്രതിക്ക് പറയാനുള്ളത് കേൾക്കുന്നതിനായി CrPC 313 പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് റിക്കോർഡ് ചെയ്യുന്നതിനായി ഇന്ന് പോസ്റ്റ് ചെയ്തിരിക്കുകയാണ്. കുറ്റപത്രത്തിനോടൊപ്പം പ്രോസിക്യൂഷൻ ഹാജരാക്കിയ സി.ഡി., ഡി.വി.ഡി.യുടെ അടിസ്ഥാനത്തിൽ കേസ് അന്വേഷിക്കുന്ന അന്വേഷണ ഉദ്യോഗസ്ഥനെ ചോദ്യം ചെയ്യണമെന്ന ഹർജിക്കാരന്റെ അപേക്ഷ വിചാരണകോടതി നേരത്തേ തള്ളിയിരുന്നു. 07.12.2015-ന് ഉച്ചയ്ക്ക് 2.00 മണിക്ക് പ്രതി Crl.M.C N0. 7647/2015 പ്രകാരം നൽകിയ ഹർജി ബഹുമാനപ്പെട്ട കോടതി പരിഗണിച്ചു. ആയതിന്റെ വാദം ഇന്നത്തേയ്ക്ക് വച്ചിരിക്കുകയാണ്. ഇന്നലെ ഈ കേസ് കോടതിയിൽ **5 C** പരിഗണനയ്ക്ക് വന്നപ്പോൾ ഗവൺമെന്റ് പ്ലീഡർ കോടതിയിൽ ഹാജരായിരുന്നു. പ്രതിയുടെ അപേക്ഷ അനുസരിച്ച് ബഹുമാനപ്പെട്ട കോടതി, പ്രതിയുടെ 313 CrPC സ്റ്റേറ്റ്മെന്റ് റെക്കോർഡ് ചെയ്യുന്നതിന് രണ്ട് ദിവസത്തേയ്ക്ക് താൽക്കാലിക സ്റ്റേ

അനുവദിക്കുകയാണുണ്ടായത്. ഈ കേസിന്റെ വാദം ഇന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി കേൾക്കുന്നതും സർക്കാരിനുവേണ്ടി ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ശ്രീ. ആസഫ് അലി ഹാജരാകുന്നതുമാണ്. ഈ കേസിന്റെ വിചാരണയ്ക്ക് തൃശ്ശൂർ ഫസ്റ്റ് അഡീഷണൽ ജില്ലാ സെഷൻസ് കോടതിയിൽ ഹാജരാകുന്ന സ്പെഷ്യൽ പ്രോസിക്യൂട്ടർ ശ്രീ. പി. ഉദയഭാനു ഡി.ജി.പി.യുമായി കൂടിയാലോചിച്ച് വിചാരണ തടസ്സമില്ലാതെ പൂർത്തിയാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

ഇപ്പോൾ എനിക്ക് കിട്ടിയ വിവരം ശ്രീ. ബാബു എം. പാലിശ്ശേരിയുടെ അറിവിലേയ്ക്ക് പറയുകയാണ്. കുറ്റപത്രത്തോടൊപ്പം പ്രോസിക്യൂഷൻ ഹാജരാക്കിയ സി.ഡി., ഡി.വി.ഡി.യുടെ അടിസ്ഥാനത്തിൽ കേസ് അന്വേഷിക്കുന്ന അന്വേഷണ ഉദ്യോഗസ്ഥനെ ചോദ്യം ചെയ്യണമെന്നുള്ള പ്രതിയുടെ അപേക്ഷ വിചാരണകോടതി തള്ളിയതിനെതിരെ നിസാം കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത 7646/15 എന്ന നമ്പർ ഹർജി ഇന്നേ ദിവസം പരിഗണിച്ച കോടതി, ട്രയൽ കോടതിയുടെ നടപടി ശരിവച്ച് നിസാമിന്റെ അപേക്ഷ തള്ളി ഉത്തരവായിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ശ്രീ. ആസഫ് അലി ഉൾപ്പെടെയുള്ള അഭിഭാഷകരുടെ കാര്യക്ഷമമായ പരിശ്രമം മൂലം

പ്രോസിക്യൂഷന് അനുകൂലമായ തീർപ്പുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. സുപ്രീംകോടതിയിൽ കേസ് വന്നപ്പോൾ അഭിഭാഷകർ ഹാജരായില്ലായെന്ന് പറഞ്ഞത് ശരിയാണ്. അതിന്റെ കാരണം, അവർക്ക് നോട്ടീസ് കിട്ടാത്തതുകൊണ്ടാണ്. ആ വാർത്ത ദൃശ്യമാധ്യമങ്ങളിൽ വന്നയുടനെ തന്നെ എ.ജി.യുമായി ബന്ധപ്പെട്ടു. ഗവൺമെന്റ് വക്കീലിന് നോട്ടീസ് കിട്ടിയില്ല. ഏതായാലും പ്രഗത്ഭ അഭിഭാഷകനായ കപിൽ സിബൽ തന്നെ ഹാജരാകണ മെന്ന് നിർദ്ദേശം കൊടുക്കുകയും അദ്ദേഹം സുപ്രീംകോടതിയിൽ ഹാജരാവുകയും ചെയ്തു. അതുകാരണം കേസ് കേരളത്തിന് വെളിയിലേയ്ക്ക് മാറ്റണമെന്നുള്ള നിസാമിന്റെ അപേക്ഷ സുപ്രീംകോടതി തള്ളിക്കളയുകയാണുണ്ടായത്. ഈ കേസിന്റെ കാര്യത്തിൽ ഗവൺമെന്റ് വളരെ ജാഗ്രത പുലർത്തുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർക്ക് ഇക്കാര്യത്തിൽ ഒരാശങ്കയും വേണ്ട. വളരെ നല്ല നിലയിലാണ് പ്രോസിക്യൂഷന്റെ ഭാഗത്തുനിന്ന് നടപടികൾ മുന്നോട്ട് കൊണ്ടുപോയിക്കൊണ്ടിരിക്കുന്നത്.

(13) ഫർക്ക ശുദ്ധജല വിതരണ പദ്ധതി

ശ്രീമതി ഗീതാ ഗോപി: സർ, എന്റെ നിയോജകമണ്ഡലത്തിലെ നാട്ടിക - ഫർക്ക ശുദ്ധജലവിതരണ പദ്ധതിയുടെ നവീകരണവും ശുദ്ധജലവിതരണ ശൃംഖലയുടെ വിപുലീകരണവും മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾക്ക് ദേശീയ

ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ (NRDWP) നിന്ന് 22 കോടി രൂപ ലഭിച്ചിരുന്നു. ഇതിന് സാമ്പത്തിക അനുമതി ലഭിച്ച സാഹചര്യത്തിൽ നിർദ്ദിഷ്ട പദ്ധതി നടത്തിപ്പുമായി ബന്ധപ്പെടുത്തി ഔദ്യോഗികതല യോഗങ്ങൾ നിയോജക മണ്ഡലത്തിൽ ചേർന്നിരുന്നു. ഉദ്യോഗസ്ഥതലത്തിലുള്ള നിർദ്ദേശങ്ങളിലായാലും പ്രോജക്ട് ഡിസ്കഷനിലായാലും ഈ പദ്ധതി എത്രയും വേഗം നടപ്പിലാക്കണ മെന്നാണ് യോഗം വിലയിരുത്തിയത്. തീരദേശ മേഖലയുമായി ബന്ധപ്പെട്ട അഞ്ച് മണ്ഡലങ്ങളിലെ ജലക്ഷാമം വളരെ ഗൗരവമായും അടിയന്തരമായും പരിഹരിക്കുന്നതിനുള്ള പദ്ധതിയാണ് നാട്ടിക-ഫർക്ക ശുദ്ധജല വിതരണ പദ്ധതിയുടെ നവീകരണവും ശുദ്ധജല വിതരണവും. 40 വർഷത്തിലധികം പഴക്കമുള്ള നാട്ടിക-ഫർക്ക കുടിവെള്ള പദ്ധതിയിൽ കാലഹരണപ്പെട്ട പ്രിമോ പൈപ്പുകളാണ് ഉപയോഗിച്ചിരിക്കുന്നത്. വലിയ ഫോഴ്സിൽ വെള്ളം പമ്പ് ചെയ്താൽ ഈ പൈപ്പുകളെല്ലാം പൊട്ടുകയും ചെയ്യും. ഇവ മാറ്റി പകരം പുതിയ ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്നതിനാണ് 22 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ചിരിക്കുന്നത്. ഈ പദ്ധതിക്ക് സംസ്ഥാന ഇറിഗേഷൻ വകുപ്പിൽ നിന്ന് സാങ്കേതിക അനുമതി ലഭിക്കേണ്ടതുണ്ട്. തീരദേശ മേഖലയിലെ ജനങ്ങൾക്ക് ഏറെ പ്രയോജനപ്രദമായ ഈ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ

ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രി സത്വര നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, തളിക്കുളം ഗ്രാമപഞ്ചായത്തിലുൾപ്പെട്ട പത്ത് ഗ്രാമപഞ്ചായത്തുകളിൽ ശുദ്ധജലം ലഭിക്കുന്നതിനായി 28 കോടി രൂപയുടെ പദ്ധതി 2014-ലെ എസ്.എൽ.എസ്.എസ്.സി. (State Level Scheme Sanctioning Committee) യിൽ സമർപ്പിക്കുകയും ടി കമ്മിറ്റി 22 കോടി രൂപയ്ക്ക് സാമ്പത്തിക അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 22 കോടി രൂപയുടെ പുതുക്കിയ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റിയിൽ ലഭ്യമായിട്ടുണ്ട്. പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ നടപടി പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

(14) കുടിവെള്ള പദ്ധതി

ശ്രീ. പി. ടി. എ. റഹീം: സർ, ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കോഴിക്കോട് ജില്ലയിലെ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ആവശ്യമായ ശുദ്ധജലത്തിന്റെ ഒരു ഭാഗം സംഭരിക്കുന്നത് ചാലിയാറിന്റെ തീരത്തുള്ള ചാത്തമംഗലം പഞ്ചായത്തിലെ ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നാണ്. ആ

പ്രദേശത്തേയ്ക്കുകൂടി ഇതിന്റെ ഗുണഫലം ലഭ്യമാക്കണമെന്ന് 03.12.2014-നും 11.03.2015-നും നിയമസഭയിൽ ഞാൻ ആവശ്യപ്പെട്ടിരുന്നു. ഇതുസംബന്ധിച്ച് നടപടികൾ സ്വീകരിക്കാമെന്നും ഒരു കമ്മിറ്റിയെ വച്ച് ഇക്കാര്യത്തിൽ സാധ്യതാ പഠനം നടത്താമെന്നും പറഞ്ഞിരുന്നു. പക്ഷേ, ഇതുമായി ബന്ധപ്പെട്ട് ഒരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ലായെന്നുള്ളതാണ് എനിക്ക് ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, കോഴിക്കോട് നഗരത്തിന്റെയും സമീപ പഞ്ചായത്തുകളിലെയും ശുദ്ധജല ക്ഷാമത്തിന് പരിഹാരമെന്ന നിലയിൽ രൂപകൽപ്പന ചെയ്യപ്പെട്ടതാണ് ജിക്ക സഹായത്തോടെയുള്ള കോഴിക്കോട് ശുദ്ധജല വിതരണ പദ്ധതി. കോഴിക്കോട് കോർപ്പറേഷനും ബാലുശ്ശേരി, നൻമണ്ട, നരിക്കുനി, കാക്കൂർ, ചേളന്നൂർ, കക്കോടി, തലക്കുളത്തൂർ, കുരുവട്ടൂർ, കുന്നമംഗലം, പെരുവയൽ, പെരുമണ്ണ, ഒളവണ്ണ, കടലുണ്ടി എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ പ്രദേശത്തെ കുടിവെള്ള പരിഹാരത്തിന് 246 ദശലക്ഷം ലിറ്റർ വെള്ളമാണ് പ്രതിദിനം ആവശ്യമുള്ളത്. അതിൽ ഇപ്പോൾ പ്രവൃത്തി പൂർത്തിയാക്കിയ പെരുമണ്ണാമുഴിയിലെ ശുദ്ധീകരണശാലയിൽ നിന്ന് ലഭിക്കുന്ന 174 ദശലക്ഷം ജലവും കോഴിക്കോട് നഗരത്തിൽ ഇപ്പോൾ കുടിവെള്ളം നൽകിവരുന്ന മാവൂരിലെ

പുളിമാടിൽ നിന്ന് ലഭിക്കുന്ന 72 ദശലക്ഷം ജലവുംകൂടി ഉൾപ്പെടുത്തിക്കൊണ്ട് ജിക്ക പദ്ധതി പ്രദേശത്ത് ശുദ്ധജലവിതരണം ചെയ്യേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി മാവൂർ പുളിമാടുള്ള ശുദ്ധീകരണശാലയുടെയും പൈപ്പ് ലൈനുകളുടെയും മറ്റും പുനരുദ്ധാരണ പ്രവൃത്തിയും ജിക്കാ പദ്ധതിയുടെ ഭാഗമായി പൂർത്തിയായി വരുന്നു. മേൽപ്പറഞ്ഞ 246 എം.എൽ.ഡി. വെള്ളത്തിന്റെ ആവശ്യം 2030-ലേയ്ക്ക് ഉള്ളതാണ്. ഇപ്പോൾ ഏതാണ്ട് 110 എം.എൽ.ഡി. വെള്ളമാണ് ഉപയോഗിക്കുന്നത്. മാവൂരിലെ പ്ലാന്റിൽനിന്ന് മാവൂർ, ചാത്തമംഗലം പഞ്ചായത്തുകളിലേയ്ക്ക് വെള്ളം നൽകാനുള്ള സാധ്യതാ പഠനത്തിനുള്ള നിർദ്ദേശം കൊടുത്തെങ്കിലും പൂർത്തിയായിട്ടില്ല. ഈ പഠനം ഒരു മാസത്തിനുള്ളിൽ നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## (15) <u>പരീക്ഷ നടത്തിപ്പ്</u>

<u>ശ്രീ. രാജു എബ്രഹാം</u>: സർ, സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് പരീക്ഷ അനിശ്ചിതമായി നീട്ടിവയ്ക്കാൻ വേണ്ടിയുള്ള നടപടിക്ക് പരിഹാരമുണ്ടാക്കണമെന്നാവശ്യപ്പെട്ടാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇന്നലെ ഇതുസംബന്ധിച്ച് തീരുമാനം എടുത്തുവെങ്കിലും തീയതി വ്യക്തമാക്കിയിട്ടില്ല. തീയതി വ്യക്തമാക്കണം. സംസ്ഥാനത്ത് എഞ്ചിനീയറിംഗ്

പഠനം നവീകരിക്കപ്പെടുന്നില്ലായെന്നും നിലവാരമില്ലായെന്നുമുള്ള ആശങ്കയുണ്ട്. അന്യസംസ്ഥാനങ്ങളിലേയ്ക്ക് കുട്ടികൾ ചേക്കേറുന്നുണ്ട്. സ്വന്തമായി ഒരു സോഫ്റ്റ്‌വെയർ പോലും ഉണ്ടാക്കാത്ത സാങ്കേതിക സർവ്വകലാശാല നമുക്ക് നാണക്കേടാണ്. സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കാതെ സാങ്കേതിക സർവ്വകലാശാലതന്നെ സോഫ്റ്റ്‌വെയർ വികസിപ്പിച്ച് പരീക്ഷയുടെ തീയതി പ്രഖ്യാപിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലയുടെ ഒന്നാം സെമസ്റ്റർ എഞ്ചിനീയറിംഗ് പരീക്ഷകൾ ഓൺ ലൈൻ സംവിധാനത്തിൽ 2015 ഡിസംബർ 4-ന് നടത്തുവാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഓൺലൈൻ സംവിധാനത്തെ സംബന്ധിച്ച് വിദ്യാർത്ഥി സംഘടനകളിൽനിന്ന് എതിർപ്പുകൾ ഉയർന്നതിനെ തുടർന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ 2015 ഡിസംബർ 7-ാം തീയതി 3 മണിക്ക് അദ്ധ്യാപക വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുടെ യോഗം വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, സാങ്കേതിക വിദ്യാഭ്യാസ സെക്രട്ടറി, സാങ്കേതിക സർവ്വകലാശാല

വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ സംബന്ധിച്ചു. ഈ യോഗ തീരുമാനപ്രകാരം ക്രിസ്തുമസ് അവധി കഴിഞ്ഞാലുടൻ മറ്റ് സംസ്ഥാനങ്ങളിൽ കാലങ്ങളായി അനുവർത്തിച്ച് വരുന്നതുപോലെ ഒന്നാം സെമസ്റ്റർ എഞ്ചിനീയറിംഗ് പരീക്ഷ നടത്തുന്നതിന് ധാരണയായിട്ടുണ്ട്. അതേസമയം സർക്കാർ/യൂണിവേഴ്സിറ്റി വികസിപ്പിച്ചെടുക്കുന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഓൺ ലൈൻ പരീക്ഷ നടത്താൻ തടസ്സമില്ലെന്നും സ്വകാര്യ ഏജൻസി വഴിയുള്ള ഓൺലൈൻ പരീക്ഷാ നടത്തിപ്പ് സ്വീകാര്യമല്ലെന്നും വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ ഒരുപോലെ പ്രസ്തുത യോഗത്തിൽ വ്യക്തമാക്കിയ സാഹചര്യത്തിൽ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലതന്നെ ഒരു സോഫ്റ്റ്‌വെയർ അടിയന്തരമായി വികസിപ്പിച്ചെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(16) <u>സ്മാരക മന്ദിരം നിർമ്മിക്കൽ</u>

<u>ശ്രീ. വർക്കല കഹാർ</u>: സർ, മഹാത്മാജി ശിവഗിരിയിലെത്തി ശ്രീനാരായണ ഗുരുദേവനുമായി ആശയവിനിമയം നടത്തിയത് നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിലെ സുപ്രധാന സംഭവമാണ്. ശിവഗിരിയിലെ വനജാക്ഷി മന്ദിരത്തിൽവച്ചാണ് ആ കൂടിക്കാഴ്ചയുണ്ടായത്. വനജാക്ഷി മന്ദിരം ഗാന്ധിജിയുടെ

സന്ദർശനത്തിന് ശേഷം ഗാന്ധി ആശ്രമമെന്ന പേരിലും അറിയപ്പെടുന്നു. രണ്ട് മഹാത്മാക്കളുടെ സമാഗമം വിലപ്പെട്ട ഏടുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഇരുവരും ചേർന്ന് നടത്തിയ ആശയ സംവാദം നമ്മുടെ ദേശീയ സാമൂഹിക ചരിത്രത്തിലെ സുപ്രധാന സംഭവമാണ്. പിൽക്കാലത്ത് ഭാരതീയ സാമൂഹികനിലയുടെ ഗതിവിഗതികളിൽ ആ സന്ദർശനം വലിയ സ്വാധീനം ചെലുത്തുകയുണ്ടായി. അവരുടെ ആശയവിനിമയം നടന്ന പ്രദേശം ചരിത്രത്തിൽ എന്നും ഓർമ്മിക്കപ്പെടുന്ന രീതിയിൽ ദേശീയ സ്മാരകമായി ഉയർത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, 1925 മാർച്ച് 12-ാം തീയതി ഗാന്ധിജി ശിവഗിരിയിലെത്തുകയും വനജാക്ഷി മന്ദിരത്തിൽ വച്ച് ഗുരുദേവനുമായി ചർച്ചനടത്തുകയുമുണ്ടായി. ഗുരുദേവൻ താമസിച്ചിരുന്ന വൈദ്യമഠത്തിലാണ് അന്ന് ഗാന്ധിജി അന്തിയുറങ്ങിയത്. 13-ാം തീയതി അദ്ദേഹം വനജാക്ഷി മന്ദിരത്തിനുസമീപംവച്ച് പൊതുജനങ്ങളെ അഭിസംബോധനചെയ്ത് സംസാരിക്കുകയുണ്ടായി. ഗാന്ധിജി ഗുജറാത്തി ഭാഷയിൽ രചിച്ച ഗുജറാത്തി

ഡയറിയിലെ നൂറ്റിയമ്പതാമത്തെ പേജിൽ ഈ കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്. അധകൃതവർഗ്ഗക്കാർക്ക് പൊതുനിരത്തുകളിൽ സഞ്ചാര സ്വാതന്ത്ര്യം അനുവദിക്കുന്ന കാര്യം ചർച്ച ചെയ്യാനാണ് ഗാന്ധിജി ശിവഗിരിയിലെത്തിയത്. വർക്കല ശിവഗിരി ആശ്രമത്തിനടുത്തുള്ള വനജാക്ഷി മന്ദിരം കിഴക്കോട്ട് ദർശനമായിട്ടുള്ളതും വെട്ടുകല്ലിൽ നിർമ്മിച്ച് കുമ്മായം പൂശിയതും അഞ്ച് മുറികളുള്ള ഓട് മേഞ്ഞതുമായ കെട്ടിടമാണ്. ശ്രീനാരായണ ഗുരുദേവന്റെ ശിഷ്യനായിരുന്ന ആലപ്പുഴ ജില്ലയിലെ ആലുംമൂട്ടിൽ തറവാട്ടിലെ എ. കെ. ഗോവിന്ദദാസ് ചാന്നാർ തന്റെ അകാലചരമമടഞ്ഞ മകൾ വനജാക്ഷിയുടെ സ്മരണയ്ക്കായി 36 സെന്റ് സ്ഥലം വാങ്ങി ഈ മന്ദിരവും മണ്ഡപവും പണിത് ഗുരുവിന് സമർപ്പിക്കുകയുണ്ടായി. കാലപ്പഴക്കത്താൽ മണ്ഡപം നശിച്ചു പോയി. 1928-ൽ ഗുരുദേവൻ മഹാസമാധിയായപ്പോൾ ഭൗതികശരീരം ദർശനത്തിന് വച്ചിരുന്നത് ഈ മണ്ഡപത്തിലായിരുന്നു. 90 വർഷത്തിലേറെ പഴക്കമുള്ള വനജാക്ഷി മന്ദിരം ഇപ്പോൾ നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. വർക്കല കഹാറിന്റെ നിർദ്ദേശ പ്രകാരം ആർക്കിയോളജി വകുപ്പ് ഈ സ്ഥലം സന്ദർശിക്കുകയുണ്ടായി. മഹാത്മാഗാന്ധിയുടെ ചരിത്ര പ്രാധാന്യമുള്ള സന്ദർശനത്തെപ്പറ്റി ഇന്നലെ ഞാൻ ചർച്ച നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി

ശ്രീ. കെ. ബാബുവും ശിവഗിരി മഠം അധികൃതരും എം.എൽ.എ. ശ്രീ. വർക്കല കഹാറും ചർച്ചയിൽ പങ്കെടുത്തിരുന്നു. പുരാവസ്തു വകുപ്പുദ്യോഗസ്ഥർ അടിയന്തരമായി അവിടെ പോകുകയും വനജാക്ഷി മന്ദിരത്തിന്റെ ഒറിജിനാലിറ്റി നഷ്ടപ്പെട്ടുപോകാതെ പഴയരീതിയിൽത്തന്നെ പുനർനിർമ്മിക്കാനും അവിടെ ഗാന്ധിജിയുടെയും ഗുരുദേവന്റെയും പ്രതിമകൾ സ്ഥാപിക്കാനും വനജാക്ഷി മന്ദിരത്തിന്റെ ചരിത്ര പ്രാധാന്യം നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കാനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. വനജാക്ഷി മന്ദിരത്തിന്റെ പുനരുദ്ധാരണവും ഗുരുദേവന്റെയും ഗാന്ധിജിയുടെയും പ്രതിമ സ്ഥാപിക്കലും ഗുജറാത്തി ഭാഷയിലുള്ള രേഖകളും അതിന്റെ ഇംഗ്ലീഷ്, മലയാളം പരിഭാഷയും രേഖപ്പെടുത്തി അതൊരു വലിയ സ്മാരകമായി സംസ്ഥാന ഗവൺമെന്റ് സൂക്ഷിക്കുന്നതാണ്.

(17)<u>നിർമ്മാണ പ്രവൃത്തി ത്വരിതപ്പെടുത്തൽ</u>

<u>ശ്രീ. റ്റി. വി. രാജേഷ്</u> : സർ, പ്ലാത്തറ - പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡ് പ്രവൃത്തി ആരംഭിച്ചത് 01.04.2013 -ലാണ്. 27 മാസമാണ് അതിന്റെ നിർമ്മാണ കാലാവധിയായി നിശ്ചയിച്ചിരുന്നത്. എന്നാൽ പ്രവൃത്തി ആരംഭിച്ചിട്ട് ഇപ്പോൾ 32 മാസം പിന്നിട്ടിരിക്കുകയാണ്. 40 ശതമാനം പ്രവൃത്തി മാത്രമാണ് ഇതുവരെ പൂർത്തിയായിട്ടുള്ളത്. ഈ റോഡിൽ രണ്ട് റെയിൽവേ മേൽപ്പാലങ്ങളുണ്ട്.

അതിൽ ഒന്ന് പാപ്പിനിശ്ശേരിയിലാണ്. രണ്ടു വർഷം കൊണ്ട് അതിന്റെ എഴുപത്തിരണ്ട് സ്പാനുകളിൽ മൂന്നെണ്ണം മാത്രമേ പൂർത്തിയായിട്ടുള്ളൂ. മാത്രമല്ല റോഡ് പൂർണ്ണമായി ക്ലോസ് ചെയ്തിരിക്കുകയാണ്. മാട്ടൂർ, മാടായി, ഏഴോം, ചെറുതാഴം, കണ്ണപുരം, ചെറുകുന്നം, ആറ്റൂർ തുടങ്ങിയ പ്രദേശത്തെ ജനങ്ങൾ ഇതുമൂലം ഇരുപത് കിലോമീറ്ററിലധികം സഞ്ചരിക്കേണ്ടിവരികയാണ്. ജനങ്ങളുടെ ഭാഗത്തുനിന്ന് വലിയ പ്രതിഷേധം ഉണ്ടായിരുന്നുവെങ്കിലും അവിടെ റോഡ് പൂർണ്ണമായും ക്ലോസ് ചെയ്തിട്ടാണ് പ്രവൃത്തി നടക്കുന്നത്. പക്ഷേ പ്രവൃത്തി ഇഴഞ്ഞ് നീങ്ങുന്നതുമൂലം ജനങ്ങളിപ്പോൾ പ്രക്ഷോഭത്തിന് ഒരുങ്ങുകയാണ്. അതുകൊണ്ട് ഈ മേൽപ്പാലത്തിന്റെ പ്രവൃത്തി വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കണം. താവം ബ്രിഡ്ജിന്റെ പ്രവൃത്തിയും ഇപ്പോൾ വളരെ മന്ദഗതിയിലാണ് നടക്കുന്നത്. റോഡിന്റെ പ്രവൃത്തി ആകെ ഇരുപത് കിലോമീറ്ററാണുള്ളത്. അതിൽ ആദ്യറീച്ച് പത്ത് കിലോമീറ്റർ മാത്രമേ പൂർത്തിയായിട്ടുള്ളൂ. പലയിടത്തും റോഡിന്റെ പ്രവൃത്തി പാതിവഴിയിലാണ്. ഇതുമൂലം ജനങ്ങൾ വലിയ പ്രയാസം അനുഭവിക്കുകയാണ്. ഫണ്ടിന്റെ അഭാവമാണെന്നാണ് ആർ.ഡി.എസ്. കോൺട്രാക്ടർ പറയുന്നത്. എന്താണ് ഇതിന്റെ കാരണം; എന്തുകൊണ്ടാണ് പ്രവൃത്തി മന്ദഗതിയിലാകുന്നത്; ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപെട്ട് ഒരു യോഗം

വിളിച്ചുചേർത്ത് പ്രവൃത്തി സ്പീഡ് അപ് ആക്കാനുള്ള നിർദ്ദേശം നല്കണമെന്നാവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, കെ.എസ്.ടി.പി.- II പദ്ധതിയിൽ ഉൾപ്പെടുത്തി 118.29 കോടി രൂപ ചെലവഴിച്ചാണ് പ്ലാത്തറ-പാപ്പിനിശ്ശേരി റോഡിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുള്ളത്. 20.9 കിലോമീറ്ററാണ് ഇതിന്റെ ദൈർഘ്യം. വാസ്തവത്തിൽ കെ.എസ്.ടി.പി.-II പദ്ധതി നഷ്ടപ്പെട്ടുവെന്ന് കരുതിയിരുന്നതാണ്. ഗവൺമെന്റിന്റെ ശക്തമായ ഇടപെടൽകൊണ്ടാണ് നമുക്ക് ആ പദ്ധതി വേൾഡ് ബാങ്ക് അനുവദിച്ചുതന്നത്. കെ.എസ്.ടി.പി. പദ്ധതികൾ വളരെ പെട്ടെന്ന് ചെയ്തുതീർത്താൽ നേട്ടം കിട്ടുന്നതാണ്. പക്ഷേ ചെയ്തുതീർക്കാൻ പലപ്പോഴും സാഹചര്യങ്ങൾ അനുവദിക്കുന്നില്ല. പല തടസ്സങ്ങളും ജനങ്ങൾ ഉണ്ടാക്കുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാന പ്രശ്നം. ശ്രീ. റ്റി. വി. രാജേഷ് ഇക്കാര്യത്തിൽ വളരെ പോസിറ്റീവായ നിലപാട് സ്വീകരിച്ചിട്ടുള്ളത്. അതുപോലെതന്നെ ശ്രീ. കെ. എം. ഷാജിയുടെ മണ്ഡലത്തിൽക്കൂടിയും ഇതിന്റെ കുറച്ചുഭാഗം വരുന്നുണ്ട്. ഇവർ രണ്ടുപേരും ഇതിനുവേണ്ടി പലപ്രാവശ്യം ഇടപെട്ടിട്ടുള്ളതാണ്. മാത്രമല്ല കെ.എസ്.ടി.പി. പദ്ധതിയെപ്പറ്റി എല്ലാമാസവും ആദ്യത്തെ ബുധനാഴ്ച അവലോകനയോഗം

വച്ചിട്ടുണ്ട്. കാര്യങ്ങൾ കൃത്യമായി നോക്കുന്നുണ്ട്. സാമ്പത്തികമായി യാതൊരു ബുദ്ധിമുട്ടുമില്ല. ഈ പദ്ധതിയുടെ ചെലവ് 50 ശതമാനം വേൾഡ് ബാങ്കും 50 ശതമാനം സംസ്ഥാന ഗവൺമെന്റുമാണ് വഹിക്കുന്നത്. പണി പെട്ടെന്ന് തീർക്കുകയും കൂടുതൽ പണം ചെലവഴിക്കുകയും ചെയ്യണമെന്നുള്ളതാണ് ഗവൺമെന്റിന്റെ മുന്നിലുള്ള പ്രധാന പ്രശ്നം. ചെലവഴിക്കാൻ പറ്റാത്ത വിധത്തിൽ അവിടെ പണികൾ നടക്കുന്നില്ല. ആർ.ഡി.എസ്. ന് ഒരു ബില്ലും പെൻഡിംഗ് ഇല്ല. അങ്ങനെ പറയുന്നത് ശരിയല്ല. ഈ പദ്ധതി ഗവൺമെന്റ് വളരെ താല്പര്യത്തോടുകൂടി കാണുന്നതാണ്. അടുത്ത ഫെബ്രുവരിയിൽ ഇതിന്റെ ഒരു വലിയ ശതമാനം പണി പൂർത്തീകരിക്കണം. അല്ലെങ്കിൽ വേൾഡ് ബാങ്കിന്റെ റിമാർക്ക് വരും. ഈ പണി പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട എം. പി. യുടെയും, ശ്രീ. റ്റി. വി. രാജേഷിന്റെയും ശ്രീ. കെ. എം. ഷാജിയുടെയും മറ്റ് ജനപ്രതിനിധികളുടെ യുമൊക്കെ പിന്തുണയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. റെയിൽവേ ഗേറ്റ് അടച്ചിട്ടിരിക്കുന്നതിനാൽ യാത്രക്കാരുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ വാഹനഗതാഗതം തിരിച്ചു വിടുന്നതിനായി രണ്ട് കോടി രൂപ ചെലവഴിച്ച് ആറ് സമാന്തര പാതകൾ ഗതാഗതയോഗ്യമായിട്ടുണ്ട്. രണ്ട് റെയിൽവേ മേൽപ്പാലങ്ങളുൾപ്പെടെ ഈ റോഡിന്റെ നിർമ്മാണം 2016 ജൂൺ മാസത്തോടെ

പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇപ്പോൾ ഒൻപത് കിലോമീറ്ററോളം റോഡ് പണി പൂർത്തീകരിച്ചിട്ടുണ്ട്. അതിന്റെ ഉദ്ഘാടനം വേണമെങ്കിൽ ചെയ്യാം. ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടതുപോലെ ഈ റോഡിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

(18) മണ്ണാർക്കാട് ബൈപ്പാസ്

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മണ്ണാർക്കാട് ബൈപ്പാസ് നിർമ്മാണ പ്രവൃത്തിയിലുണ്ടായ കാലതാമസം ഒഴിവാക്കി പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കേണ്ടതിന്റെ ആവശ്യകത ബഹുമാനപ്പെട്ട മന്ത്രിയുടെയും സഭയുടേയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ. കോഴിക്കോട്-പാലക്കാട് റോഡിലെ N.H. 966- ലുള്ള മണ്ണാർക്കാട് പട്ടണത്തിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് എല്ലാവരും അനുഭവിച്ചിട്ടുള്ള സംഗതിയാണ്. മണ്ണാർക്കാട് ബൈപ്പാസ് എന്നതാണ് അതിനുള്ള പരിഹാരം. യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് മുപ്പത് കോടി രൂപ ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കുവേണ്ടി ഇയർ പ്ലാനിൽ അനുവദിച്ചിട്ടുള്ളതാണ്. സ്ഥലം ഏറ്റെടുക്കലിനും അലൈൻമെന്റിനു മൊക്കെ വേണ്ടിയാണ് ഈ പണം വച്ചിട്ടുള്ളത്. അതിന്റെ പ്രവൃത്തികൾ വളരെ മന്ദഗതിയിലാണ്. പ്രവൃത്തികൾ ത്വരിതഗതിയിലാക്കാനും നിർമ്മാണ

പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും വേണ്ടിയുള്ള ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടേയും ഡിപ്പാർട്ടുമെന്റിന്റേയും ഭാഗത്തുനിന്നുമുണ്ടാകണം.

എൻ.എച്ച്.- ലുള്ള രണ്ട് പ്രധാന പ്രശ്നങ്ങളിൽ ഒന്ന്, കുന്തിപ്പുഴ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് റോഡിന്റെ വീതികൂട്ടിയപ്പോൾ നാലുവണ്ടികൾക്ക് ഒരേ സമയം പോകാവുന്ന സാഹചര്യമുണ്ട്. പക്ഷേ റോഡിൽ ഡിവൈഡർ ഇല്ലാത്തത് അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്. അവിടെ ഡിവൈഡർ നിർമ്മിക്കണം. കൂടാതെ, ഭൂമിയിൽനിന്ന് വെള്ളത്തിന്റെ ഉറവ വരുന്നതിനാൽ ഒരു ഭാഗത്തെ റോഡിന് സ്ഥിരമായി കേടുവരികയാണ്. അവിടെ ഒരു കൾവർട്ട് നിർമ്മിക്കുന്നതിന്റെ പ്രൊപ്പോസലുമുണ്ട്. ഈ രണ്ട് കാര്യങ്ങളും നിലവിലുള്ള എൻ.എച്ച്. -ൽ തന്നെ ചെയ്യേണ്ടതാണ്. അതിനുവേണ്ടിയുള്ള അടിയന്തരമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും ബൈപ്പാസിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനും ഒരു ഇടപെടൽ ഉണ്ടാകണമെന്ന് സവിനയം അപേക്ഷിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പാലക്കാട് - കോഴിക്കോട് എൻ.എച്ച്. 966-ൽ സ്ഥിതിചെയ്യുന്ന മണ്ണാർക്കാട് ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി കുമരംപുത്തൂരിൽ തുടങ്ങി

ചൂരിയോടിൽ അവസാനിക്കുന്ന 8.5 കിലോമീറ്റർ ദൈർഘ്യമുള്ള മണ്ണാർക്കാട് ബൈപ്പാസ് നിർമ്മാണത്തിനായി 2014-15 വാർഷിക പദ്ധതിയിൽ 30 കോടി രൂപ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം ഉൾപ്പെടുത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സർവ്വേ നടപടികൾ പൂർത്തിയാക്കി ബൈപ്പാസ് നിർമ്മാണത്തിനുള്ള അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ ബൈപ്പാസിന്റെ ഡി.പി.ആർ. തയ്യാറാക്കൽ കേന്ദ്ര മന്ത്രാലയം 2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര മന്ത്രാലയം അംഗീകരിച്ച കൺസൾട്ടന്റുമാരെക്കൊണ്ട് ഡി.പി.ആർ. തയ്യാറാക്കാനാണ് നിഷ്കർഷിച്ചിട്ടുള്ളത്. അതനുസരിച്ച് മണ്ണാർക്കാട് ബൈപ്പാസിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി രണ്ട് പ്രാവശ്യം ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും ടെണ്ടർ സമർപ്പിച്ചില്ല. വീണ്ടും ടെണ്ടർ ക്ഷണിച്ചിട്ടുണ്ടെന്നുമാത്രമല്ല ഈ ലിസ്റ്റിലുള്ള ആളുകളോട് പ്രത്യേകം പങ്കെടുക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുമുണ്ട്. എൻ.എച്ച്. 966-ൽ നിലവിലുള്ള റോഡിന്റെ സുരക്ഷാ ക്രമീകരണങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആറ് കോടി രൂപയുടെ എസ്റ്റിമേറ്റ് അനുമതിക്കായി കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. കൂടാതെ ഈ റോഡിലെ തകരാറിലായ കലുങ്കുകൾ പുനർനിർമ്മിക്കുന്നതിനുള്ള മുപ്പത് ലക്ഷം രൂപയുടെ

എസ്റ്റിമേറ്റ് അംഗീകാരത്തിനായി കേന്ദ്ര മന്ത്രാലയത്തിന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഈ പ്രവൃത്തി നടപ്പിലാക്കുന്നതാണ്.

## (19)റോഡുകളുടെ ശോചനീയാവസ്ഥ

ശ്രീമതി കെ. എസ്. സലീഖ: സർ, ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള പൊതുമരാമത്ത് റോഡുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഏതാണ്ട് 100 കി.മീ. ദൂരമുള്ള 15 പി.ഡബ്ള്യു.ഡി. റോഡുകളും രണ്ട് സ്റ്റേറ്റ് ഹൈവേയും ആ മണ്ഡലത്തിലൂടെ കടന്നു പോകുന്നുണ്ട്. ഇതിൽ ഏറ്റവും ഗുരുതരമായിട്ടുള്ളത് മലപ്പുറം-പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്ന സ്റ്റേറ്റ് ഹൈവേയുടേതാണ്. പാലക്കാട് ജില്ലയിലേക്ക് കടന്നാൽ വേർതിരിച്ചറിയുന്ന രൂപത്തിലാണ് ആ റോഡിന്റെ സ്ഥിതി. പി.ഡബ്ല്യൂ.ഡി. റോഡുകളും ഒട്ടും വ്യത്യസ്തമല്ലാത്ത രീതിയിൽ നില്ക്കുകയാണ്. പി.ഡബ്ല്യൂ.ഡി. റോഡ് എന്നുപറഞ്ഞാൽ ഒരു മണ്ഡലത്തിന്റെ റോഡ് അല്ലെന്ന് നമുക്കറിയാം. രണ്ടുമൂന്ന് മണ്ഡലം

വരുന്നതാണെങ്കിലും ഷൊർണ്ണൂർ മണ്ഡലത്തിന്റെ ഭാഗം വരുമ്പോൾ, ഉദാഹരണത്തിന്, 10 കി.മീ. ഉള്ള ഒരു റോഡിൽ 7 കി.മീ. BM-BC ചെയ്യുകയും 3 കി.മീ. ഷൊർണ്ണൂർ മണ്ഡലത്തിന്റെ ഭാഗമായി കിടക്കുന്ന ഭാഗത്ത് തികച്ചും കുണ്ടും കുഴിയുമായി കാൽനടയാത്രക്കാർക്കുപോലും സഞ്ചരിക്കാൻ കഴിയാത്ത ഒരു സ്ഥിതിയാണ്. ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ ഇക്കാര്യം ബോധ്യപ്പെട്ടിട്ടുണ്ട്. ഒരിക്കൽ സഞ്ചരിച്ച സമയത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരോട് അദ്ദേഹം പറഞ്ഞിട്ടുണ്ട്. കുണ്ടും കുഴിയുമുള്ള റോഡായതുകൊണ്ടായിരിക്കാം 25 ലക്ഷം രൂപ മെയിന്റനൻസിനായി മാറ്റിവയ്ക്കപ്പെട്ടിട്ടുണ്ട്. വളരെ പരിതാപകരമായ അവസ്ഥയാണ് ഈ 15 പി.ഡബ്ല്യൂ.ഡി. റോഡുകളുടെയും കാര്യത്തിലുള്ളത്. ഷൊർണ്ണൂർ മണ്ഡലത്തിലെ 100 കി.മീ. പി.ഡബ്ല്യൂ.ഡി. റോഡിൽ ഏതാണ്ട് 10 കി.മീ. മാത്രമാണ് BM-BC ചെയ്തിട്ടുള്ള റോഡ് എന്നുപറയാവുന്നത്. ജനങ്ങൾ വലിയ പ്രക്ഷോഭത്തിലാണ്; അത് അടിയന്തരമായി പരിഹരിക്കുന്നതിനാവശ്യമായിട്ടുള്ള ഇടപെടൽ ഉണ്ടാകണമെന്ന് വളരെ വിനയത്തോടെ അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് വിവിധ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. പാലക്കാട്-പെരിന്തൽമണ്ണ റോഡിന്റെ ഭാഗമായ ളുത റോഡിന്റെയും ചേർപ്പുളശ്ശേരി-ഒറ്റപ്പാലം റോഡിന്റെയും വാണിയംകുളം-കോതക്കുറിശ്ശി റോഡിന്റെയും കൊപ്പം-പേങ്ങാട്ടിരി റോഡിന്റെയും അറ്റകുറ്റപ്പണികൾ ആരംഭിച്ചിട്ടുണ്ട്. പട്ടാമ്പി-ചേർപ്പുളശ്ശേരി റോഡിൽ 25 ലക്ഷം രൂപയുടെ പുനരുദ്ധാരണ പ്രവൃത്തിക്കുള്ള എഗ്രിമെന്റ് ചെയ്തുകഴിഞ്ഞു. പണി ഉടനെ ആരംഭിക്കുന്നതാണ്. പട്ടാമ്പി-ചേർപ്പുളശ്ശേരി റോഡിൽ 25 ലക്ഷം രൂപയുടെ മറ്റൊരു പുനരുദ്ധാരണ പ്രവൃത്തിക്കും വാണിയംകുളം-കോതക്കുറിശ്ശി റോഡിൽ 25 ലക്ഷം രൂപയുടെ പുനരുദ്ധാരണ പ്രവൃത്തിക്കും ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. വാണിയംകുളം-വല്ലപ്പുഴ റോഡ് വീതി കൂട്ടി അറ്റകുറ്റപ്പണികൾ ആരംഭിച്ചിട്ടുണ്ട്. വീതി കൂട്ടിയ ഭാഗത്ത് ടാറിംഗ് പ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്. ഷൊർണ്ണൂർ മണ്ഡലത്തിലെ

മറ്റേതെങ്കിലും പ്രദേശത്ത് അങ്ങനെയുള്ള സംഗതികൾ ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചാൽ പെട്ടെന്ന് അറ്റകുറ്റപ്പണികൾ ചെയ്യാവുന്നതാണ്.

## (20) നടപടിക്രമങ്ങൾ ലഘൂകരിക്കൽ

ശ്രീ. പി. ഉബൈദുള്ള: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനനവും മരണവും യഥാസമയം രജിസ്റ്റർ ചെയ്യാത്തവർക്ക് ജനന-മരണ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെയും ഈ സഭയുടെയും ശ്രദ്ധ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഞാൻ അവതരിപ്പിക്കുന്നത്. ജനന-മരണ രജിസ്ട്രേഷൻ കുറ്റമറ്റ രീതിയിൽ നടത്തുന്നതിനും രജിസ്ട്രേഷൻ സംവിധാനത്തിലെ അപാകതകൾ പരിഹരിക്കുന്നതിനുംവേണ്ടി കാലാകാലങ്ങളിൽ നിയമഭേദഗതികൾ ധാരാളം വരുത്തിയിട്ടുണ്ട്. എന്നാൽ ഇപ്പോഴും പൊതുജനങ്ങൾ ഇതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. അതോടൊപ്പം ഇത് കൈകാര്യം ചെയ്യുന്ന ജീവനക്കാർക്ക് ധാരാളം സംശയങ്ങളും ബാക്കിനില്ക്കുകയാണ്. ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം ജനനവും മരണവും നിശ്ചിത

തീയതിക്കുള്ളിൽ (21 ദിവസത്തിനകം) റിപ്പോർട്ട് ചെയ്യണമെന്നാണ് പറയുന്നത്. അതിന് സാക്ഷിപത്രം നൽകേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട രജിസ്ട്രാറുമാരാണ്. എന്നാൽ അവ യഥാസമയം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ അതിനുള്ള ഉത്തരവ് നല്കേണ്ടത് റവന്യൂ ഡിവിഷൻ ഓഫീസറാണ്. ആർ.ഡി.ഒ.യ്ക്ക് ലഭിക്കുന്ന അപേക്ഷയിൽ പ്രാദേശിക അന്വേഷണം നടത്തി ജനനം നേരത്തെ മാതാവിന്റെയോ പിതാവിന്റെയോ ജന്മവാസസ്ഥലങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ അത് ഉറപ്പുവരുത്തേണ്ടതും സർട്ടിഫിക്കറ്റുകൾ നല്കേണ്ടതും ആർ.ഡി.ഒ. ആണ്. ഇത് രണ്ടും രണ്ട് വകുപ്പുകളാണ്. ആർ.ഡി.ഒ.യും പഞ്ചായത്തും വേറെ വകുപ്പുകളാണ്. ജനനവും മരണവും നിശ്ചിത സമയങ്ങൾക്കുള്ളിൽ ലേറ്റ് ഫീസ് സഹിതം ഒരു മാസം വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യാവുന്നതും അതിനുശേഷം ഒരു വർഷം വരെ ജില്ലാ രജിസ്ട്രാർ ആയ ഡി.ഡി.പി.യ്ക്കും അതിൽ കൂടുതൽ വൈകിയാൽ ആർ.ഡി.ഒ.യ്ക്കുമാണ് രജിസ്റ്റർ ചെയ്യാൻ അനുമതി നല്കേണ്ടത്. 01.01.1989-ന് ശേഷം ജനിച്ച എല്ലാവർക്കും പാസ്പോർട്ടിന് അപേക്ഷ സമർപ്പിക്കാൻ ജനന സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയതുകൊണ്ട് ധാരാളം ആൾക്കാർക്ക് ഈ

ആവശ്യത്തിന് ആർ.ഡി.ഒ.യെ സമീപിക്കേണ്ട സ്ഥിതി വന്നിരിക്കുകയാണ്. അതിനുള്ള നടപടിക്രമങ്ങൾ വളരെ സങ്കീർണ്ണമാണ്. 1999-ലെ ജനന-മരണ രജിസ്റ്റർ ചട്ടങ്ങൾ 13(3)ബി പ്രകാരം ഏതെങ്കിലും ജനനമോ മരണമോ രജിസ്റ്റർ ചെയ്തിട്ടില്ലായെങ്കിൽ ഫോറം-10-ൽ ഒരു നോൺ അവയിലിബിലിറ്റി സർട്ടിഫിക്കറ്റ് മാതാവിന്റെയോ പിതാവിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ബന്ധപ്പെട്ട താലൂക്ക് ഓഫീസ് സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതുണ്ട്. വീട്ടിലെ മറ്റു സഹോദരീ-സഹോദരന്മാരുടെ ജനന സർട്ടിഫിക്കറ്റോ സ്കൂൾ സർട്ടിഫിക്കറ്റോ ഇതിനുവേണ്ടി ഹാജരാക്കണം. 100/-രൂപയുടെ മുദ്രപത്രത്തിലും വെള്ളപേപ്പറിലും സത്യവാങ്മൂലം ഗസറ്റഡ് ഓഫീസറുടെ സാക്ഷിപത്രവും വൈകിയതിനുള്ള മാപ്പപേക്ഷയും സമർപ്പിക്കണം. ജനിച്ച സമയത്ത് 18 വയസ്സ് പൂർത്തിയായ രണ്ട് അയൽവാസികളായ സാക്ഷികളും മാതാപിതാക്കളും വില്ലേജാഫീസറുടെ മുമ്പിൽ മൊഴികൊടുത്ത് അപേക്ഷ താലൂക്ക് വഴി ആർ.ഡി.ഒ.യ്ക്ക് അയയ്ക്കണം. ഇതിനുശേഷം ഹിയറിംഗ് ഡേറ്റ് പോസ്റ്റ് ചെയ്ത് അത് കിട്ടുമ്പോഴേക്കും 3-4 മാസമെടുക്കും. ഹിയറിംഗ് കഴിഞ്ഞ് ഓർഡർ കൈപ്പറ്റി സർട്ടിഫിക്കറ്റ് ലഭിക്കുമ്പോൾ

യഥാർത്ഥത്തിൽ 6 മാസം വരെ നീളുന്ന ഒരു പ്രക്രിയയായി ഇത് തുടരുകയാണ്. കൂടുതൽ ഉത്തരവാദിത്വങ്ങളുള്ള ആർ.ഡി.ഒ.യ്ക്ക് പകരം ഈ അധികാരം ജില്ലാ രജിസ്ട്രാർ ആയ ഡി.ഡി.പി.യ്ക്ക് നല്കിയാൽ കാലതാമസം ഒഴിവാക്കാൻ കഴിയും. മാത്രമല്ല ഒരേ വകുപ്പായതിനാൽ ഓൺലൈൻ വഴി ഈ സംവിധാനം ബന്ധപ്പെടുത്തിയാൽ വളരെ വേഗം അപേക്ഷകർക്ക് സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്യും. അതിനുള്ള നിയമ ഭേദഗതികൾ ചട്ടങ്ങളിൽ വരുത്തേണ്ടതുണ്ട്. ബന്ധപ്പെട്ട എല്ലാ രേഖകളും സഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിക്ക് അപേക്ഷ കൊടുത്ത് അവിടെ മൊഴി രേഖപ്പെടുത്തി ഡി.ഡി.പി.യ്ക്ക് അയച്ചുകൊടുക്കാനുള്ള സംവിധാനമുണ്ടാകണം. ഇപ്പോൾ വിവാഹ സർട്ടിഫിക്കറ്റ് രജിസ്ട്രേഷൻ വൈകിയാൽ പാലിക്കേണ്ട നടപടിക്രമങ്ങൾ പോലെ ഡി.ഡി.പി. ഹിയറിംഗ് നടത്തി സർട്ടിഫിക്കറ്റുകൾ നല്കുവാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കുകയാണെങ്കിൽ കുറച്ചുകൂടി പൊതുജനങ്ങൾക്ക് സൗകര്യപ്രദമാകും. അതിന് നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, സംസ്ഥാനത്ത് നടക്കുന്ന ജനനവും മരണവും അത് നടന്ന സ്ഥലത്ത് മാത്രമേ രജിസ്റ്റർ ചെയ്യാൻ കഴിയൂ എന്ന് 1969-ലെ ബർത്ത് ആന്റ് ഡെത്ത് ആക്ടിന്റെ വകുപ്പ് 7(2)-ഉം വകുപ്പ് 23(2)-ഉം കൂട്ടി വായിക്കുമ്പോൾ വ്യക്തമാകുന്നു. ഈ ആക്ടിലെ വകുപ്പ് 13-ലെ വ്യവസ്ഥകൾ പ്രകാരം നിർദ്ദിഷ്ട കാലാവധിയായ 21 ദിവസത്തിനുശേഷവും ജനന-മരണ രജിസ്ട്രേഷൻ സാദ്ധ്യമാണ്. രജിസ്ട്രേഷൻ നടപടിക്രമങ്ങളെക്കുറിച്ചും, നിർദ്ദിഷ്ട സമയപരിധിയെക്കുറിച്ചുമുള്ള അവബോധമില്ലായ്മ കാരണം ജനന-മരണ രജിസ്ട്രേഷനുകൾ നിർദ്ദഷ്ട സമയത്തിനുള്ളിൽ രജിസ്റ്റർ ചെയ്യാത്ത സംഗതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരെയാണ് ജനന-മരണ രജിസ്ട്രാർമാരായി ചുമതലപ്പെടുത്തിയിട്ടുള്ളത്. 30 ദിവസത്തിനകം റിപ്പോർട്ടു ചെയ്യാത്ത ജനന-മരണങ്ങൾ ഒരു വർഷം വരെ ജില്ലാ രജിസ്ട്രാറുടെയും, ഒരു വർഷത്തിനകം രജിസ്റ്റർ ചെയ്യാത്തവ സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെയും (ആർ.ഡി.ഒ.) അനുമതിയോടെ മാത്രമേ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ. ഈ

ഗവൺമെന്റ് വന്നശേഷവും  ഇതേ പരാതി വന്നതുകൊണ്ടാണ് ഒരു വർഷം എന്നാക്കിമാറ്റിയിട്ടുള്ളത്.  ആർ.ഡി.ഒ.യുടെ അടുത്ത് പോകേണ്ട  സമയം ഇത്രയും നീട്ടികൊടുത്തത് ഈ ഗവൺമെന്റ് വന്നശേഷമാണ്.  അത് അന്നത്തെ ജനപ്രതിനിധികളുടെ സമ്മർദ്ദത്തിൽ ചെയ്തിട്ടുള്ള കാര്യമാണ്.  ഇപ്പോൾ കുറെയധികം മാറ്റം വന്നിട്ടുണ്ട്.  ആക്ട് നിലവിൽ വന്ന 01.04.1970-ന് മുൻപുള്ള ജനനവും മരണവും ഇപ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്.  1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങളിൽ ചട്ടം 13-ഉം ഉപചട്ടം 3-ഉം അനുസരിച്ച് ജനന-മരണം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ഫോറം നം.10-ൽ ഒരു നോൺ അവയിലിബിലിറ്റി സർട്ടിഫിക്കറ്റ്, ജനന-മരണ രജിസ്ട്രാറിന് നല്കേണ്ടതാണ്. ജനനസ്ഥലം അല്ലെങ്കിൽ മരണസ്ഥലം ഉൾപ്പെടുന്ന രജിസ്ട്രേഷൻ  യൂണിറ്റിൽ മാത്രമേ രജിസ്ട്രേഷൻ നടത്താൻ പാടുള്ളൂ എന്നതിനാൽ മറ്റൊരു രജിസ്ട്രേഷൻ യൂണിറ്റിൽ നിന്നും നോൺ അവയിലിബിലിറ്റി  സർട്ടിഫിക്കറ്റ് നൽകാൻ പാടില്ല. നോൺ അവയിലിബിലിറ്റി  സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച തദ്ദേശ രജിസ്ട്രാർക്കുള്ള അപേക്ഷയോടൊപ്പം ജനന മരണം നടന്ന

സമയത്തെ താമസസ്ഥലം തെളിയിക്കുന്ന രേഖകൾ, ജനന-മരണം നടന്ന സ്ഥലം തെളിയിക്കുന്ന രേഖ, സർട്ടിഫിക്കറ്റ് ഫീയായി 2/- രൂപ, തെരച്ചിൽ ഫീയായി 1 വർഷത്തേയ്ക്ക് 2/- രൂപ വീതം അതാത് തദ്ദേശ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. നോൺ അവയിലിബിലിറ്റി സർട്ടിഫിക്കറ്റ് അപേക്ഷകന് ആർ.ഡി.ഒ.യ്ക്ക് നേരിട്ടും സമർപ്പിക്കാവുന്നതാണ്. ആർ.ഡി.ഒ.യുടെ അനുമതി ലഭിച്ചാൽ താമസം കൂടാതെ രജിസ്ട്രേഷൻ നടത്താവുന്നതാണ്. മേൽപ്പറഞ്ഞ രേഖകൾ ശേഖരിക്കുന്നതിനായി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉള്ളതായി ഇപ്പോൾ ഒരു പരാതിയും കിട്ടിയിട്ടില്ല. സംസ്ഥാന ജനന-മരണ രജിസ്ട്രേഷനുകൾ സുതാര്യവും കുറ്റമറ്റ രീതിയിലുമാണ് ഇപ്പോൾ നടന്നുവരുന്നത്. ഇപ്പോൾ പറഞ്ഞതിനുമപ്പുറം എന്തെങ്കിലും പ്രതിസന്ധിയുണ്ടെങ്കിൽ ഇതിൽ ചട്ടങ്ങളിൽ ഭേദഗതി ചെയ്തുകൊണ്ട് വീണ്ടും ജനന-മരണ സർട്ടിഫിട്ടറ്റുകൾ എളുപ്പത്തിലാക്കി കൊടുക്കുന്നതിനുവേണ്ടി ഗവൺമെന്റ് തയ്യാറാണെന്നുള്ള കാര്യംകൂടി അറിയിച്ചുകൊണ്ട് അത്തരത്തിലുള്ള ഒരു യോഗം മുഖ്യമന്ത്രിതന്നെ വിളിച്ചുകൂട്ടിയിരുന്നു. മുഖ്യമന്ത്രിയുടെ യോഗത്തിന്റെ അടിസ്ഥാനത്തിൽ ധാരാളം കാര്യങ്ങൾ ഇപ്പോൾ തന്നെ ലഘൂകരിച്ചിട്ടുണ്ട്. ഇനിയും

ഇതുസംബന്ധിച്ച് എന്തെങ്കിലും പരാതികളുണ്ടെങ്കിൽ, സ്പെസിഫിക്കായിട്ടുള്ള പരാതികൾ നോക്കി അതിനുവേണ്ടി പൊതുവായി ചട്ടത്തിൽ മാറ്റങ്ങൾ വരുത്തുന്നതിന് ഗവൺമെന്റ് സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തെ സംബന്ധിച്ച് ധാരാളം ആളുകൾ വന്നു പറഞ്ഞിട്ടുണ്ട്. പരാതികളായി ഇപ്പോൾ ഗവൺമെന്റിന്റെ മുന്നിൽ ഒന്നുമില്ലാത്തതുകൊണ്ടാണ് ഈ പ്രശ്നം ഇതേ രീതിയിൽ തുടരുന്നത്. അത്തരം പരാതികളുമായി ബഹുമാനപ്പെട്ട എം.എൽ.എ. വരികയാണെങ്കിൽ തീർച്ചയായും ഗവൺമെന്റിന് തുറന്ന മനസ്സാണുള്ളത് എന്ന് അറിയിക്കാൻ ഈ അവസരം ഉപയോഗിക്കുന്നു.

## (21) <u>തൊറാസിക് സർജറി പി.ജി. കോഴ്സ്</u>

<u>ശ്രീ. ടി. എൻ. പ്രതാപൻ</u> : സർ, നമ്മുടെ സംസ്ഥാനത്ത് ഹൃദ്രോഗികളുടെ എണ്ണം ദിവസംതോറും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതിനുള്ള സർജറിയും വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. പത്ത് മാസം കൊണ്ട് 500 ഹൃദയംതുറന്നുള്ള ശസ്ത്രക്രിയകൾ നടത്തി കോഴിക്കോട് മെഡിക്കൽ കോളേജിലെ തൊറാസിക് സർജറി വിഭാഗം ചരിത്ര നേട്ടം ഉണ്ടാക്കിയതായി കുറച്ച് നാളുകൾക്കുമുമ്പ് മാധ്യമങ്ങളിലൂടെ അറിയാൻ ഇടയായി. അതോടൊപ്പം ആശങ്ക നിറഞ്ഞ ഒരു

വാർത്ത കൂടി ഇപ്പോൾ പുറത്തുവന്നിരിക്കുകയാണ്. കഴിഞ്ഞ ദിവസം മാതൃഭൂമി ദിനപ്പത്രത്തിൽ 'ഹൃദയമിടിപ്പ് നേരെയാക്കാൻ കേരളത്തിൽ ഏഴുപേരില്ലേന്നോ?' എന്നൊരു എഡിറ്റോറിയൽ എഴുതുകയുണ്ടായി. സാധാരണ ഹൃദയ ശസ്ത്രക്രിയ നടത്തുന്നതിന് ആവശ്യമായ സർജൻമാരുടെ കൂട്ടത്തിൽ ഉണ്ടാകേണ്ട ഒരു വിഭാഗമാണ് തൊറാസിക് സർജറി പി.ജി. കോഴ്സ് കഴിഞ്ഞ ആളുകൾ. തിരുവനന്തപുരം മെഡിക്കൽ കോളേജിലും കോട്ടയം മെഡിക്കൽ കോളേജിലും കോഴിക്കോട് മെഡിക്കൽ കോളേജിലുമാണ് ഈ കോഴ്സുള്ളത്. ഈ കോഴ്സിൽ ചേരാൻ ഇപ്പോൾ ആളില്ല. അതിന് പല കാരണങ്ങളാണ് മാധ്യമങ്ങളിലൂടെ അറിയാൻ കഴിഞ്ഞത്. പലപ്പോഴും നമ്മുടെ സർക്കാർ മെഡിക്കൽ കോളേജുകളിൽ പോയി ഹൃദയ ശസ്ത്രക്രിയ നടത്തുന്നത് സാധാരണക്കാരായ ആളുകളാണ്. അവർക്ക് വേണ്ടിയുള്ള ഏറ്റവും പ്രധാനപ്പെട്ട അഭയ കേന്ദ്രമെന്ന നിലയിൽ നമ്മുടെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഈ വിഭാഗത്തിന് കൂടുതൽ സൗകര്യവും ആ കോഴ്സിന് ആകർഷണീയതയും ഉണ്ടാകുന്ന രീതിയിൽ ഒരു റീസ്ട്രക്ച്ചർ നടത്തിയേ മതിയാകൂ. അതിനുവേണ്ടിയിട്ടുള്ള ഇടപെടൽ ആരോഗ്യ വകുപ്പിൽനിന്നും നിർബന്ധമായും ഉണ്ടാകണം. കാരണം പ്രത്യേകിച്ചും സർജറിക്ക് ശേഷമുള്ള ഹൃദയമിടിപ്പ് നേരെയാകുന്നതുവരെ ഡോക്ടർമാരുടേയും നെഴ്സുമാരുടെയും ഒരു സംഘത്തിന്റെ

നിരീക്ഷണമാണ് ഏറ്റവും പ്രധാനപ്പെട്ട ഘടകം. ഹൃദയം മാറ്റിവച്ചുകൊണ്ടിരിക്കുകയാണ്, അതിവേഗം ഹൃദയം മാറ്റിവയ്ക്കുന്ന രീതിയിലേയ്ക്ക് അത് മാറണം. പി.ജി. കോഴ്സിന് വിദ്യാർത്ഥികൾ ഇല്ലാതെവന്നാൽ ആ കോഴ്സ് നമുക്ക് അന്യമാവുകയാണ് ചെയ്യുന്നത്. അതിനാൽ ഇക്കാര്യത്തിൽ ആരോഗ്യവകുപ്പ് അടിയന്തരമായി ഇടപെടണം. ആകർഷണീയതയുടെ കുറവുകൊണ്ടാണ് ഈ കോഴ്സിന് വിദ്യാർത്ഥികൾ ചേരാത്തത്. അതുകൊണ്ട് ഇതിന്റെ ഘടനയിൽ മാറ്റം വരുത്തണം. ഇക്കാര്യം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, തൊറാസിക് സർജറി പി.ജി. കോഴ്സ് നിലവിൽ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലാണ് അനുവദിച്ചിട്ടുള്ളത്. സംസ്ഥാന തലത്തിൽ നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ മുൻഗണനാ ക്രമം അനുസരിച്ചാണ് കോഴ്സുകളിൽ അഡ്മിഷൻ നടത്തുന്നത്. ഈ മൂന്ന് സർക്കാർ മെഡിക്കൽ കോളേജുകളിലും ഈ കോഴ്സ് നടത്തുന്നുണ്ടെങ്കിലും ഈ കോഴ്സിന് അപേക്ഷകരില്ലാത്ത സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. ആൾ ഇന്ത്യ

എൻട്രൻസ് ലിസ്റ്റിൽ നിന്നുപോലും ഈ കോഴ്സിന് വിദ്യാർത്ഥികൾ ഓപ്ഷൻ നൽകാത്ത സ്ഥിതിയാണിന്നുള്ളത്. സംസ്ഥാനത്തുനിന്ന് മാത്രമല്ല ദേശീയതലത്തിൽ നിന്നുപോലും കുട്ടികളെ കിട്ടുന്നില്ല. ഈ കോഴ്സുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കുണ്ടായിരിക്കേണ്ട സൂക്ഷ്മത, കാര്യശേഷി, ജോലി ഭാരം എന്നിവ മുൻനിർത്തിയാണ് വിദ്യാർത്ഥികൾ ഈ കോഴ്സ് തെരഞ്ഞെടുക്കാത്തത് എന്നാണ് കരുതുന്നത്. ഇക്കാര്യം സൂചിപ്പിച്ചുകൊണ്ട് മാതൃഭൂമി ദിനപത്രത്തിൽ ഏതാനും ദിവസങ്ങൾക്കുമുമ്പ് എഡിറ്റോറിയലും ഉണ്ടായിരുന്നു. അത് കണ്ടയുടൻതന്നെ ഇതുസംബന്ധിച്ച് ഡി.എം.ഇ.-യുമായി ആശയവിനിമയം നടത്തിയിരുന്നതാണ്. മെഡിക്കൽ വിദ്യാഭ്യാസത്തിൽ വിദ്യാർത്ഥികൾക്ക് മുൻഗണന നൽകുന്ന ഇന്ത്യയിലെ 25 മെഡിക്കൽ കോളേജുകളിൽ ഒന്നാണ് കോഴിക്കോട് മെഡിക്കൽ കോളേജ്. ഇത് ദക്ഷിണേന്ത്യയിൽ ആറാം സ്ഥാനത്താണ്. എന്നിട്ടും വിദ്യാർത്ഥികൾ മുന്നോട്ട് വരുന്നില്ല എന്നുള്ളത് ദുഃഖകരമായ ഒരു സ്ഥിതിവിശേഷമാണ്. പാവപ്പെട്ടവന് കുറഞ്ഞ ചെലവിൽ ഹൃദയ ശസ്ത്രക്രിയ നടത്താവുന്ന ആശ്രയ കേന്ദ്രമാണ് സർക്കാർ മെഡിക്കൽ കോളേജുകൾ. കഴിഞ്ഞ 10 മാസങ്ങൾക്കുള്ളിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ 500-ഉം കോട്ടയത്ത് 1100-ഉം തിരുവനന്തപുരത്ത് 300 ഹൃദയം തുറന്നുള്ള ശസ്ത്രക്രിയകൾ നടന്നുകഴിഞ്ഞു.

മെഡിക്കൽ കോളേജുകളിൽ സാധാരണഗതിയിൽ 50,000/- രൂപ മാത്രമാണ് ഇതിന് ചെലവുവരുന്നത്. കാരുണ്യ ബെനവലന്റ് ഫണ്ട് പോലെയുള്ള ഫണ്ടുകളുപയോഗിച്ച് ഇതിൽ 98 ശതമാനം പേർക്കും സൗജന്യ ചികിത്സയാണ് നടത്തുന്നത്. പിന്നെയുള്ള രണ്ട് ശതമാനം ആളുകൾക്കുവേണ്ടിയാണ് കൂടുതലായി 50,000/- രൂപ വീതം ചെലവാകുന്നത്. സ്വകാര്യ ആശുപത്രികളിലാണെങ്കിൽ ഇതിന് 2 ലക്ഷം രൂപയിൽക്കൂടുതൽ ചെലവുവരും. തൊറാസിക് സർജറി കോഴ്സിന് വിദ്യാർത്ഥികൾ മുന്നോട്ട് വരാത്ത സാഹചര്യത്തിൽ ഭാവിയിൽ ഈ വിഭാഗത്തിൽ ഡോക്ടർമാരുടെ എണ്ണം കുറയാനും സാധ്യതയുണ്ട്. എന്തുകൊണ്ടാണ് ഈ കോഴ്സിൽ വിദ്യാർത്ഥികളുടെ കുറവ് ഉണ്ടാകുന്നത് എന്നുള്ളത് സംബന്ധിച്ച് വിശദമായിട്ടുള്ള ഒരു അന്വേഷണം ഗവൺമെന്റ് നടത്തുന്നതാണ്. റീസ്ട്രക്ചറിംഗ് കോഴ്സിന്റെ കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട ശ്രീ. ടി. എൻ. പ്രതാപൻ സൂചിപ്പിക്കുകയുണ്ടായി. ആൾ ഇന്ത്യ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തോടുകൂടി മാത്രമേ ഒരു കോഴ്സിന്റെ വിശദമായ കാര്യങ്ങളെക്കുറിച്ച് നമുക്ക് ആലോചിക്കാൻ കഴിയുകയുള്ളൂ. എന്തായാലും നിലവിൽ തൊറാസിക് സർജറി വിഭാഗം പ്രവർത്തിക്കുന്ന എല്ലാ മെഡിക്കൽ കോളേജുകളിലും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ നിലവിലെ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി ചികിത്സാ സൗകര്യങ്ങൾ

നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും മേൽ വിഭാഗത്തിലുള്ള അസിസ്റ്റന്റ് പ്രൊഫസർമാരുടെ തസ്തികളിലേയ്ക്ക് നിയമനം നടത്തുന്നതിനും പി.എസ്.സി.-യുമായി ബന്ധപ്പെട്ട് അടിയന്തര നടപടി സ്വീകരിക്കുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ കാർഡിയാക് അനസ്തേഷ്യയിൽ ഡി.എം. കോഴ്സ് തുടങ്ങുന്നതിനായി ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം തേടുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അത് ത്വരിതപ്പെടുത്തുന്നതിനും ഉടൻ കോഴ്സ് തുടങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിൽ നഴ്സിംഗ് കോഴ്സ് പാസാകുന്ന എല്ലാവർക്കും കേരളാ നഴ്സിംഗ് കൗൺസിലിന്റെയും ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെയും അംഗീകാരം ലഭ്യമാക്കുന്നുണ്ട്. നിയോ നാട്ടിക് കാർഡിയാക് സർജറി ഡിപ്പാർട്ടുമെന്റ് കോട്ടയം, കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ തുടങ്ങുന്നതാണ്. ഇതിനായി പ്രസ്തുത കോളേജുകളിൽനിന്നും വിശദമായ പ്രൊപ്പോസൽ അടിയന്തരമായി സമർപ്പിക്കാൻ ഡി.എം.ഇ.-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (22) താലൂക്ക് ആശുപത്രിയായി ഉയർത്തൽ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത്

സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്ന എന്റെ നിരന്തരമായ ആവശ്യം ഒരിക്കൽക്കൂടി സബ്മിഷനായി അവതരിപ്പിക്കുകയാണ്. മലപ്പുറം ജില്ലയിലെ പ്രധാന നഗരങ്ങളിലൊന്നായ, കോഴിക്കോട് വിമാനത്താവളം, ഹജ്ജ് ഹൗസ് എന്നിവയുടെ തൊട്ടടുത്ത് കിടക്കുന്ന കൊണ്ടോട്ടി നഗരത്തിൽ സ്ഥിതിചെയ്യുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഈ പ്രദേശത്തെ ഏക സർക്കാർ ആശുപത്രിയാണ്. കൊണ്ടോട്ടി താലൂക്ക് നഗരസഭയായി മാറിയിട്ടുണ്ടെങ്കിലും ഇപ്പോഴും ഈ ആരോഗ്യകേന്ദ്രം സി.എച്ച്.സി.-യായി തുടരുകയാണ്. താലൂക്ക് ആസ്ഥാനമല്ലാത്ത പല ആരോഗ്യകേന്ദ്രങ്ങളെയും താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടുണ്ടെങ്കിലും താലൂക്ക് ആസ്ഥാനത്തുള്ള ഈ ആരോഗ്യകേന്ദ്രത്തെ നിരന്തരം ആവശ്യം ഉന്നയിച്ചിട്ടും താലൂക്ക് ആശുപത്രിയായി ഉയർത്താത്തത് ഖേദകരമാണ്. കോഴിക്കോട് വിമാനത്താവളത്തിന്റെയും സംസ്ഥാന ഹജ്ജ് ഹൗസിന്റെയും റഫറൽ ആശുപത്രികൂടിയായ ഇവിടം അത്യാഹിത വിഭാഗമുൾപ്പെടെയുള്ള താലൂക്ക് ആശുപത്രിയായി ഉയർത്തേണ്ടത് കേവലം ഒരു നീതി മാത്രമാണ്. കോട്ടക്കലിൽ ചേർന്ന ആരോഗ്യവകുപ്പ് അവലോകന യോഗത്തിലും നിയമസഭയിലും ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി പദവി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പദവി ഉയർത്തിയതായ ഉത്തരവ് ഇതുവരെ

ഇറക്കിയിട്ടില്ല. അതുകൊണ്ട് അടിയന്തരമായി ഇടപെട്ടുകൊണ്ട് കൊണ്ടോട്ടി സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്ന് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിയോട് ഒന്നുകൂടി ആവശ്യപ്പെടുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, കൊണ്ടോട്ടി ഹെൽത്ത് ബ്ലോക്കിലെ ഈ സി.എച്ച്.സി.-യിൽ കൊണ്ടോട്ടി, പുളിക്കൽ, ചെറുകാവ്, ചേലേമ്പ്ര, പള്ളിക്കൽ, കുഴിമണ്ണ പഞ്ചായത്തുകൾക്കുപുറമെ കൊണ്ടോട്ടി റവന്യൂ ബ്ലോക്കിൽപ്പെട്ട മുതുവല്ലൂർ, ചീക്കോട്, വാഴക്കാട്, വാഴയൂർ, നെടിയിരുപ്പ്, മൊറയൂർ എന്നീ പഞ്ചായത്തിലുള്ളവരും ചികിത്സതേടി എത്തുന്നുണ്ട്. മേല്പറഞ്ഞ പഞ്ചായത്തുകളിലെ ജനങ്ങൾക്ക് ഏറ്റവും അടുത്തുള്ള കിടത്തി ചികിത്സാ സൗകര്യമുള്ള ആരോഗ്യ സ്ഥാപനമാണിത്. വിദഗ്ദ്ധ ചികിത്സ ആവശ്യമുള്ള രോഗികളെ 23 കി.മീ. അകലെയുള്ള മഞ്ചേരി ജനറൽ ആശുപത്രിയിലേയ്ക്കോ 35 കി.മീ. അകലെയുള്ള കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്കോ റഫർ ചെയ്യുകയാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. കൊണ്ടോട്ടി സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുവേണ്ടിയുള്ള പരിഹാരമാർഗ്ഗം കണ്ടെത്തുമെന്നുള്ളകാര്യത്തിൽ

യാതൊരു സംശയവുമില്ല. കോഴിക്കോട് വിമാനത്താവളത്തിന്റെയും സംസ്ഥാന ഹജ്ജ് ഹൗസിന്റെയും റഫറൽ ആശുപത്രിയായി കൊണ്ടോട്ടി സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നുവെങ്കിലും സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് അനുമതി നേരത്തെ നൽകാൻ കഴിഞ്ഞില്ല. പുതിയ താലൂക്ക് രൂപീകരിച്ച സാഹചര്യത്തിൽ ടി ആശുപത്രിയുടെ പ്രത്യേക പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് കൊണ്ടോട്ടി സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (23) ജനറൽ ഹോസ്പിറ്റൽ സ്ഥാപിക്കൽ

ശ്രീ. എം. ഉമ്മർ: സർ, മഞ്ചേരി മെഡിക്കൽ കോളേജും ജനറൽ ഹോസ്പിറ്റലും ഒരു കോമ്പൗണ്ടിൽ ഒരുമിച്ച് പ്രവർത്തിക്കുന്നതുകൊണ്ട് രോഗികൾക്കും ഡോക്ടർമാർക്കും ഒട്ടേറെ പ്രയാസങ്ങളുണ്ട്. അത് ദൂരീകരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും താല്പര്യമെടുത്ത് വിളിച്ചുകൂട്ടിയ മീറ്റിംഗിൽ മഞ്ചേരി പട്ടണത്തിൽത്തന്നെയുള്ള മെഡിക്കൽ കോളേജും ജനറൽ ഹോസ്പിറ്റലും കഴിഞ്ഞ് ഒന്നര കി.മീ. ദൂരത്തിനുള്ളിൽ ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ കൈവശമുള്ള 5 ഏക്കറോളം വരുന്ന ഭൂമിയിലേയ്ക്ക് ജനറൽ

ആശുപത്രിയെ മാറ്റുന്നതിന് ശിപാർശയുണ്ടാവുകയും അതിന്റെ അടിസ്ഥാനത്തിൽ അങ്ങയുടെ നിർദ്ദേശപ്രകാരം പുതിയ ജനറൽ ആശുപത്രിക്കുവേണ്ടി ഒരു ഡി.പി.ആർ.-ഉം എസ്റ്റിമേറ്റും തയ്യാറാക്കി ആരോഗ്യവകുപ്പിന് നൽകിയിട്ടുമുണ്ട്. എങ്കിലും നാളിതുവരെയായി അതിന്റെ എ.എസും ടെണ്ടർ നടപടികളും സ്വീകരിക്കാത്തതുകൊണ്ട് ഏറെ പ്രയാസമുണ്ടാകുന്നു. മെഡിക്കൽ കോളേജിന്റെയും ജനറൽ ആശുപത്രിയുടെയും പ്രവർത്തനം സുഗമമാക്കുന്നതിനുവേണ്ടി ചെരണിയിലേയ്ക്ക് ഈ ആശുപത്രിയെ മാറ്റുന്നത് അത്യാവശ്യമായതുകൊണ്ട് അതിനുവേണ്ടി സമർപ്പിച്ച ഡി.പി.ആർ.-ന് പെട്ടെന്ന് എ.എസ്. നൽകുന്നതിനുവേണ്ടി അങ്ങ് താല്പര്യമെടുക്കണമെന്നും അതിനുവേണ്ടിയുള്ള ഉത്തരവുണ്ടാകണമെന്നും അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ പുതിയ മെഡിക്കൽ കോളേജ് ആരംഭിച്ച സാഹചര്യത്തിലാണ് ജില്ലയിലെ ചെരണിയിൽ ഒരു പുതിയ ജനറൽ ആശുപത്രി നിർമ്മിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവായത്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചെരണിയിലെ ജില്ലാ റ്റി.ബി. സെന്ററിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന 501 കിടക്കകളുള്ള കെട്ടിടത്തിന്റെ

ആദ്യഘട്ടത്തിന്റെ 8 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ചെരണിയിൽ പുതുതായി ജനറൽ ആശുപത്രി ആരംഭിക്കുമ്പോൾ ആ പ്രദേശത്തെയും സമീപ പ്രദേശങ്ങളിലെയും സാധാരണക്കാരായ ജനങ്ങൾക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാകുന്നതിന് വളരെയധികം സഹായകരമാകും. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതനുസരിച്ച് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനും ആരോഗ്യവകുപ്പ് നടപടി സ്വീകരിക്കുന്നതാണ്.

(24) <u>ചികിത്സാ സൗകര്യങ്ങളുള്ള ആശുപത്രിയായി ഉയർത്തൽ</u>

<u>ശ്രീ. വി. റ്റി. ബൽറാം</u>: സർ, ഒന്നിലേറെ തവണ ഒരേ വിഷയത്തിൽ സബ്മിഷൻ അവതരിപ്പിക്കേണ്ടി വന്നിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ കപ്പൂരിൽ കൊഴിക്കര ആയുർവ്വേദ ആശുപത്രിയിൽ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളുമുണ്ട്. ആ ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കണമെന്നുള്ളതായിരുന്നു അന്നത്തെ സബ്മിഷനിലെ ആവശ്യം. ഇന്നും അതുതന്നെ ആവർത്തിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ വിവിധ പരിപാടികൾക്ക് വന്ന അവസരത്തിൽ രണ്ടുതവണ പൊതുവേദിയിൽ വച്ച്

താങ്കൾക്കുതന്നെ പ്രഖ്യാപനം നടത്താൻ അവസരം ലഭിച്ചിട്ടുള്ളതാണെന്ന കാര്യം ബഹുമാന്യനായ മന്ത്രി ഓർക്കുന്നുണ്ടാകും. പക്ഷെ തുടർ നടപടികൾ ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ ഓഫീസിന്റെയും ആയുർവ്വേദ ഡിപ്പാർട്ടുമെന്റിന്റെയും ഭാഗത്തുനിന്നും പോസിറ്റീവായിട്ടുള്ള സമീപനം ഉണ്ടായിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട് അനുകൂലമായിട്ടുള്ള ശിപാർശയോടുകൂടി ഈ വിഷയം Indian Systems of Medicine Directorate -ൽ ബി$_2$ /19173/12 നമ്പറായ ഫയൽ എല്ലാ റിപ്പോർട്ടുകളും സഹിതം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. സർക്കാർ സെക്രട്ടേറിയറ്റിലെ ഫയൽ നമ്പർ കൂടി ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്, 27825 ഡി$_1$/14/ആ.കു.വ. ഇത്രയൊക്കെ അനുകൂലമായ ശിപാർശ സഹിതം ഒരു വർഷമായി ഈ ഫയൽ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടെങ്കിലും ധനകാര്യവകുപ്പ് അക്കാര്യത്തിൽ തടസ്സം നിൽക്കുന്നുവെന്നാണ് അറിയാൻ സാധിച്ചത്. ഒരു മന്ത്രിയുടെ ഓഫീസിൽ നിന്നും മന്ത്രിയുടെ താൽപ്പര്യത്തിന്റെ അടിസ്ഥാനത്തിൽ, നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഒരു ഫയൽ ഒറിജിനേറ്റ് ചെയ്ത് ഫൈനാൻസിൽ ചെല്ലുമ്പോൾ അവിടത്തെ അണ്ടർ സെക്രട്ടറി തലത്തിലുള്ള ഒരു ഉദ്യോഗസ്ഥനാണ് അത് കാൻസൽ ചെയ്യുന്നത്. നിഷേധാത്മകമായ സമീപനം സ്വീകരിച്ച് ആ ഫയൽ മടക്കുകയാണ്. ഒരു മന്ത്രി

ഒറിജിനേറ്റ് ചെയ്ത ഫയൽ ഒരു അണ്ടർ സെക്രട്ടറി മടക്കുന്നൊരു സമീപനം ദൗർഭാഗ്യകരമാണ്. ബഹുമാന്യനായ മുഖ്യമന്ത്രി തന്നെ ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന സാഹചര്യത്തിൽ ബഹുമാന്യനായ മന്ത്രിയും മുഖ്യമന്ത്രിയും കൂടിയാലോചിച്ച് ഇക്കാര്യത്തിൽ അനുകൂലമായിട്ടുള്ള ഒരു തീരുമാനം ഉണ്ടാക്കാൻ വേണ്ടി അടിയന്തരമായി ഇടപെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതോടൊപ്പം തന്നെ എന്റെ മണ്ഡലത്തിലെ ചാലിശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ സംബന്ധിക്കുന്ന കാര്യവും ഞാൻ സൂചിപ്പിച്ചിട്ടുള്ളതാണ്. ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സൗജന്യമായി ഡയാലിസിസ് സെന്റർ പ്രവർത്തിക്കുന്ന കേരളത്തിലെ ഏകകേന്ദ്രമാണ് ചാലിശ്ശേരി സി.എച്ച്.സി. ഇവിടെ കൂടുതൽ പോസ്റ്റിംഗ് നടത്തിയാൽ കൂടുതൽ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ സാധിക്കും. എം.എൽ.എ., എൻ.ആർ.എച്ച്.എം., എം.പി. ഫണ്ടുമൊക്കെ (ഏകദേശം 75 ലക്ഷത്തോളം) ഉപയോഗിച്ച് ഡയാലിസിസ് സെന്റർ ആരംഭിച്ചുവെങ്കിലും ഒരു ഷിഫ്റ്റ് മാത്രമാണ് അവിടെ പ്രവർത്തിപ്പിക്കാൻ സാധിക്കുന്നത്. ഇത്രയധികം ഇൻവെസ്റ്റുമെന്റ് നടത്തി രോഗികൾ കാത്തിരിക്കുമ്പോൾ ഒരു ഷിഫ്റ്റ് കൂടി പ്രവർത്തിപ്പിക്കാൻ സാധിച്ചാൽ ഒരുപാട് ആളുകൾക്ക് അതിന്റെ പ്രയോജനം കിട്ടും. അവിടേയ്ക്കുവേണ്ട അഡീഷണലായിട്ടുള്ള

തസ്തികകൾ അനുവദിച്ചതുപോലും മറ്റു ആശുപത്രികളിലേക്ക് പോകുകയാണ്. അതുകൊണ്ട് അവിടെ അനുവദിച്ച തസ്തികകൾ നിലനിർത്തുകയും തിരിച്ചുകൊണ്ടുവരികയും കൂടുതലായി ആവശ്യമുള്ള തസ്തികകൾ എൻ.ആർ. എച്ച്. എം. വഴിയോ മറ്റേതെങ്കിലും തരത്തിലുള്ള വർക്ക് അറേഞ്ചുമെന്റ് വഴിയോ ഏർപ്പെടുത്തി രണ്ടാമത്തെ ഷിഫ്റ്റ് കൂടി ആരംഭിച്ച് ആ സൗകര്യം കൂടുതൽ പാവപ്പെട്ട രോഗികൾക്ക് പ്രയോജനകരമാക്കുന്നതിനുവേണ്ടിയുള്ള ഒരു ഇടപെടൽ മന്ത്രിതലത്തിൽ നിന്നും ഗവൺമെന്റ് തലത്തിൽ നിന്നും എത്രയും പെട്ടെന്ന് ഉണ്ടാകണമെന്ന അഭ്യർത്ഥനയാണ് എനിക്ക് ഈ സബ്മിഷമിലൂടെ അവതരിപ്പിക്കാനുള്ളത്. ഈ രണ്ടു വിഷയങ്ങളാണ് ബഹുമാന്യനായ ആരോഗ്യവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്. ഇക്കാര്യത്തിൽ അടിയന്തരമായ തീരുമാനം എത്രയും പെട്ടെന്ന് കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കൊഴിക്കര ആയുർവ്വേദ ഡിസ്പെൻസറിയെ 20 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തി കിടത്തി ചികിത്സാ വിഭാഗം

ആരംഭിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ ഇവിടെ സൂചിപ്പിച്ചതുപോലെ ധനകാര്യവകുപ്പിലേയ്ക്ക് അയച്ചു. സാമ്പത്തികമായിട്ടുള്ള പ്രശ്നങ്ങൾ ഉണ്ടായതുകൊണ്ട് അത് ഏറ്റെടുക്കാൻ കഴിയില്ലായെന്ന് ധനകാര്യവകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ട്. വീണ്ടും അത് അയച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി സംസാരിച്ച് അതിനുവേണ്ട നടപടികൾ സ്വീകരിക്കാം. ഞാൻ അവിടെ പോയിരുന്നതാണ്. അവിടെയൊരു ആശുപത്രിയുടെ ആവശ്യകത നിലനിൽക്കുന്നുവെന്നത് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ അവിടെ വച്ച് വാഗ്ദാനം നൽകിയിരുന്നത്. അതിനുവേണ്ടുന്ന നടപടികൾ സ്വീകരിക്കും. അതോടൊപ്പം ചാലിശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു ഡയാലിസിസ് സെന്റർ ബഹുമാനപ്പെട്ട വി.റ്റി. ബൽറാമിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. ജനങ്ങൾക്ക് വളരെയധികം പ്രയോജനമുള്ള ഒരു സംരംഭമാണ്. സംസ്ഥാനതലത്തിൽ 27 താലൂക്ക് ആശുപത്രികളിൽ കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പ്രയോജനം ഉൾക്കൊള്ളിച്ചുകൊണ്ട് ഡയാലിസിസ് സെന്റർ തുടങ്ങുന്നു. കൂടുതൽ സ്റ്റാഫിനെ നിയമിക്കേണ്ടുന്ന ഒരു പ്രൊപ്രോസൽ അതിന്റെ കൂടെ ഉണ്ട്. അതിന്റെ കൂടെ ഈ സി.എച്ച്. സി. യും ഉൾപ്പെടുത്തി അഡീഷണലായിട്ടുള്ള തസ്തികകൾ നൽകുന്നതിലേയ്ക്കുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.